NERVEEDHI
Volume -11, Issue - 10, 10th October 2022, Monthly, Price ₹ 25, Published at Kottayam
വാല്യം-11, ലക്കം-10, ഒക്ടോബർ 2022 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി




## പാപമോചനത്തിന്റെ സാന്ത്വന സ്പർശമായി ...

പേജ് 24

Editorial

# രൂക്ഷമാകുന്ന കുടുംബ പ്രശ്നങ്ങൾ...?

**അ**ഹങ്കാരിയായിത്തീരുന്ന ഏതൊരു വ്യക്തിയും നാശത്തിനുള്ള കുഴി സ്വയം കുഴിക്കുകയാണ്. പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പ്രശ്നപരിഹാരവും ഉണ്ടെന്നുള്ളതാണ് വാസ്തവം. പ്രശ്നപരിഹാരം കണ്ടെത്തണമെങ്കിൽ താഴ്മയും സ്വയപരിശോധനയും ഏറ്റവും അനിവാര്യമാണ്.

കുടുംബപ്രശ്നങ്ങൾ രൂക്ഷം ആകുന്നതിന്റെ കാരണം അഹങ്കാരം തന്നെയാണ്. ക്ഷമയ്ക്കും സഹനത്തിനുമൊന്നും ജീവിതത്തിൽ സ്ഥാനമേ ഇല്ല എന്നായിരിക്കുന്നു എന്നതല്ലേ വാസ്തവം? പ്രശ്നം പരിഹരിക്കപ്പെടണം എന്ന ആത്മാർത്ഥമായ ആഗ്രഹവും പ്രശ്ന പരിഹാരത്തിനുള്ള ശരിയായമാർഗ്ഗം തേടുവാനുള്ള ഇച്ഛാശക്തിയും അത്യാവശ്യമായിരിക്കുന്നു.

പലരുടെയും ജീവിതത്തിൽ പണം യജമാനനായി അവരോധിക്കപ്പെട്ടിരിക്കുന്നതിന്റെ അപകടം അവർ മനസ്സിലാക്കുന്നില്ല. അവരുടെ എല്ലാ തീരുമാനങ്ങളെയും സ്വാധീനിച്ചത് പണം ആയിരുന്നു. വിവാഹം കഴിച്ചപ്പോഴും മുൻപിൽ കണ്ട സ്വപ്നം പണമായിരുന്നു. അടിസ്ഥാനം തെറ്റിയ ഒരു ജീവിതവീക്ഷണം ആണിത്. അങ്ങനെയുള്ള ഓരോരുത്തരും മാനസാന്തരപ്പെട്ട് ദൈവത്തിന്റെ മുമ്പിൽ ജീവിതം അടിയറ വെച്ച്, ജീവിതത്തിന്റെ അടിത്തറ ശരിയാക്കണം. ദൈവം യജമാനനായാൽ മാത്രമേ ജീവിതം ശരിയായ പാതയിലും ദിശയിലും നയിക്കപ്പെടുകയുള്ളൂ.

വിവാഹാനന്തരം വളർന്നുകൊണ്ടിരിക്കേണ്ട ആത്മബന്ധം പലരുടെയും ജീവിതത്തിൽ കുറഞ്ഞുവരുന്നു. അടിയന്തര പരിഹാരം ആവശ്യമാണ്. അന്യോന്യം ഹൃദ്യമായ സംസാരവും ഇടപെടലും കുറയുകയും,ഹൃദയം പകരുവാൻ പുറത്തുള്ള ബന്ധങ്ങളേയോ സുഹൃത്തുക്കളെയോ തിരയുകയും ചെയ്യുന്നു. വീട്ടുജോലിയും ഉത്തരവാദിത്വങ്ങളും തർക്ക വിഷയങ്ങൾ ആകുന്നു. കുട്ടികളുടെ പരിപാലനത്തിലും മറ്റും വ്യത്യസ്ത അഭിപ്രായക്കാരായി തമ്മിൽ മത്സരം തുടങ്ങുന്നു. മൊബൈലിനോടുള്ള അഡിക്ഷൻ വർദ്ധിക്കുന്നു. സാമൂഹ്യമാധ്യമങ്ങളിൽ ആനന്ദം കണ്ടെത്തുവാനുള്ള വ്യഥാശ്രമം. ഇങ്ങനെ പലതും വിവാഹജീവിതത്തിന്റെ സന്തോഷം നശിപ്പിക്കുന്ന കാര്യങ്ങളായി മാറുന്നു.

ഇന്ന്, വിവാഹമോചനം മോശമായി പലരും പരിഗണിക്കുന്നില്ല. മക്കളുടെ ജീവിതത്തിന്മേൽ ഏൽപ്പിച്ച ആഘാതത്തിന്റെ ആഴം മനസ്സിലാക്കുന്നുമില്ല. ഹൃദയകാഠിന്യം എത്രമാത്രം വർദ്ധിക്കുന്നു എന്ന് ചിന്തിക്കുക. യാതൊരു ഗത്യന്തരവുമില്ലാതെ വിവാഹമോചനം തേടുന്ന വേദനിക്കുന്നവരുണ്ടെന്നുള്ള യാഥാർത്ഥ്യം ഇവിടെ മറക്കുന്നില്ല. എന്തായാലും ഈ വിഷയങ്ങൾ ഗൗരവമായി നാം കാണേണ്ടിയിരിക്കുന്നു. വിവാഹമോചനം നിമിത്തം ഭാര്യാഭർത്താക്കന്മാർ മാത്രമല്ല വേർപിരിയുന്നതു. നിരപരാധികളായ കുഞ്ഞുങ്ങൾക്ക് മാതാവിനെയോ പിതാവിനെയോ നഷ്ടപ്പെടുന്നു. ഇരുകുടുംബങ്ങളിലെയും മാതാപിതാക്കളുൾപ്പെടെയുള്ള ഏറ്റവും അടുത്ത ബന്ധുക്കളെയും ഇത് ആഴമായി വേദനിപ്പിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു ബുദ്ധി ഉപദേശമാണ് ഈ ലക്കത്തിലെ സന്ദേശം.

വിവാഹമോചനം നേടിയവർ ആത്മീയശുശ്രൂഷയുടെ നേതൃത്വത്തിൽ തുടരുന്നു എങ്കിൽ അത് അമാതൃകയാണ്, ഏറ്റവും ഖേദകരവും. ശുശ്രൂഷകളിലുള്ളവർ വിശ്വാസികൾക്ക് മാതൃകയാകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

പുസ്തകം 11 ലക്കം 10
ഒക്ടോബർ 2022

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription `250.00
Cover : Google Photos

**വിവാഹത്തിന്റെ മാന്യത** 4
ജോയ് എം. തോമസ്

**മുപ്പിരിച്ചരട്** 6
സാജു മാത്യു

**വിശ്വാസത്താലുള്ള നീതി എന്താണ്?** 8
ചെയ്സ് ജോസഫ്

**പരിഹാസത്തിന്റെ ആത്മാവിൽ നിന്നു....** 11
ജോർജ് മാത്യു, പുതുപ്പള്ളി

**ലാക്കിലേക്കു ഓടുക** 13
രാജു അത്താണിക്കൽ

**പ്രവചനങ്ങളിലെ ക്രിസ്തു** 15

**വനിതാ വീഥി** 18
ജെസ്സി സാജു

**മാഞ്ഞു പോമൊരു കിനാവു പോൽ..!?** 21
ജെ.പി.പാലത്തിങ്കൽ

**വിതയുടെ കാലം** 22
ബെഞ്ചമിൻ വർഗീസ്

**പാപമോചനത്തിന്റെ സാന്ത്വന സ്പർശമായി** 24
ഡോ. സിനി ജോയ്സ് മാത്യു

**വേദ അധ്യയനം** 27
ജോയ് എം. തോമസ്

**വാർത്താ വീഥി** 30

**ധന്യമായ വിവാഹ ജീവിതം!** 31
എംസി



ജോയ് എം. തോമസ്

# വിവാഹത്തിന്റെ മാന്യത

കുടുംബത്തകർച്ചയെക്കുറിച്ചുള്ള കേൾവി ഇപ്പോൾ നിത്യസംഭവമായിത്തീർന്നിരിക്കുന്നു. സമൂഹത്തിൽ അതിവേഗം വർദ്ധിച്ചുവരുന്ന ഈ തിന്മ വിശ്വാസസമൂഹങ്ങളെയും കീഴടക്കുന്നു എന്നത് വളരെ ദു:ഖകരമാണ്. സഭയിൽ ശരിയായ ബോധവൽക്കരണം അത്യാവശ്യമായിരിക്കുന്നു. അധികമാരും ശ്രദ്ധിക്കാത്ത ഗുരുതരമായ ഒരു ഭവിഷ്യത് വിവാഹമോചനത്തിൽ മറഞ്ഞു കിടക്കുന്നുണ്ട്. ജീവിതകാലം മുഴുവൻ മാതാവിനെയോ പിതാവിനെയോ നഷ്ടപ്പെട്ടതിന്റെ വേദനയും പേറി ജീവിക്കേണ്ടി വരുന്ന നിരപരാധികളായ കുഞ്ഞുങ്ങൾ. അവർ കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ ആത്മവിശ്വാസം നഷ്ടപ്പെടുവാനുള്ള വെടിമരുന്നു കൂടി അശ്രദ്ധയോടെ വിതറുന്നുണ്ടിവിടെ. വിവാഹമോചനങ്ങൾ വർദ്ധിക്കുന്നതിന് കാരണങ്ങൾ മനസ്സിലാക്കുകയും അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും വേണം.

ആത്മീയപിന്മാറ്റമാണ് എല്ലാ തകർച്ചയുടെയും യഥാർത്ഥ കാരണം. ദൈവമായുള്ള വ്യക്തിപരമായ ബന്ധം കുറഞ്ഞു പോകുന്നതിനാൽ പലരും ജഡീകരായിത്തീർന്നു കൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിയുന്നില്ല. ആത്മീയമണ്ഡലം വളരെ അപകടകരമായ അവസ്ഥയിലാണ് എത്തിനിൽക്കുന്നത്. ഇതിനുള്ള പരിഹാരം മാനസാന്തരപ്പെട്ട് ദൈവസന്നിധിയിൽ നിലവിളിക്കുക എന്നത് മാത്രമാണ്.

ഇന്നത്തെ സന്ദേശത്തിന് ആധാരമായ വാക്യം ഇവിടെ കുറിക്കട്ടെ. വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമലവും ആയിരിക്കട്ടെ. എന്നാൽ ദുർന്നടപ്പു കാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും (എബ്രായർ 13: 4).

മാന്യത കൊടുത്താണ് ദൈവം വിവാഹം സ്ഥാപിച്ചത്. ആ മാന്യത നിലനിർത്തുക എന്നത് എല്ലാവരുടെയും ഉത്തരവാദിത്വമാണ്. വിവാഹത്തിന്റെ അന്ത:സത്ത തകർക്കുവാനും അതിന്റെ മാന്യതയെ മലിനപ്പെടുത്തുവാനും പിശാച് ആരംഭം മുതൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ദൈവഭയം ഉള്ളവർ ഏക്കാലത്തും പിശാചിനെതിരെ പൊരുതി നിലനിൽക്കുന്നവരാണ്.

ദൈവം ആദമിനെ ഹവ്വയോട് വിവാഹത്താൽ സംയോജിപ്പിച്ചപ്പോൾ അവർക്കിടയിൽ രൂപപ്പെട്ട ഒരുമനസ്സ് അഥവാ തികഞ്ഞ ഐക്യതയാണ് വിവാഹജീവിത വിജയത്തിന്റെ അടിത്തറ ആയത്. എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും എന്റെ മാംസത്തിൽ നിന്നും മാംസവും എന്ന തിരിച്ചറിവോടെ, തുറന്ന മനസ്സോടെയാണ് ആദം ഹവ്വയെ തന്റെ ജീവിതപങ്കാളിയായി സ്വീകരിച്ചത്.

ഒരുമനസ്സിന്റെ അഭാവം വിവാഹ ജീവിതത്തിന് വലിയ ആഘാതം ഏൽപ്പിച്ചിരിക്കുന്നു. വിവാഹത്തെക്കുറിച്ചുള്ള ധാരണയും സങ്കല്പവും വ്യത്യസ്തമായിത്തീർന്നിരിക്കുന്നു. വിവാഹത്തിന്റെ ശില്പി ആയിരിക്കുന്ന ദൈവം വിവാഹത്തിന് കൊടുത്തിരിക്കുന്ന അർത്ഥവും ലക്ഷ്യവും ഗ്രഹിക്കാത്തതാണ് അതിന്റെ പ്രധാന കാരണം. ദൈവത്തിങ്കലേക്കു മടങ്ങി വരുന്നവർക്ക് മാത്രമേ ദൈവത്തിന്റെ വചനത്തിലേക്കും ദൈവഹിതത്തിലേക്കും എത്തിച്ചേരുവാൻ കഴിയുകയുള്ളൂ.

എന്റേത്, നിന്റേത് എന്ന ചിന്തയും സംസാരവും പ്രവർത്തനരീതികളും ഒരുമനസ്സിന്റെ അഭാവത്തെയാണ് കാണിക്കുന്നത്. ഒരുമനസ്സുള്ളവർക്ക് എല്ലാം നാം, നമ്മുടേത് എന്ന ചിന്തയിലുള്ള സംസാരവും പ്രവർത്തിയും ആയിരിക്കും. അവർ ഒന്നായിരിക്കും, ഒരു ശരീരമായിരിക്കും. ഒരാൾക്ക് മറ്റൊരാളുടെ ഇഷ്ടാനിഷ്ടങ്ങളെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാനുള്ള പരിജ്ഞാനം പ്രാപിക്കുന്ന ആത്മബന്ധം അവർക്കിടയിൽ വളർന്നുകൊണ്ടിരിക്കും. ശരിക്കും ഇണയും തുണയും ആയിരിക്കുന്ന ജീവിതം. വിവാഹബന്ധത്തിന്റെ വിള്ളലുകളാണ്

ദുർന്നടപ്പിന് വഴി ഒരുക്കുന്നത്. കൊരിന്ത്യർ ഉന്നയിച്ച ചോദ്യങ്ങൾക്ക് പൗലോസ് അപ്പൊസ്തലൻ മറുപടി നൽകുന്നത് ശ്രദ്ധിക്കുക. ദുർന്നടപ്പ് നിമിത്തം ഓരോരുത്തന് സ്വന്തഭാര്യയും ഓരോരുത്തിക്കും സ്വന്തഭർത്താവും ഉണ്ടായിരിക്കട്ടെ. ഭർത്താവ് ഭാര്യക്കും ഭാര്യ ഭർത്താവിനും കടപ്പെട്ടിരിക്കുന്നത് ചെയ്യട്ടെ. ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല, ഭർത്താവിനത്രെ അധികാരമുള്ളത്. അങ്ങനെ ഭർത്താവിന്റെ ശരീരത്തിന്മേൽ അവനല്ല, ഭാര്യക്കത്രെ അധികാരം. പ്രാർത്ഥനയ്ക്ക് അവസരം ഉണ്ടാകുവാൻ ഒരു സമയത്തേക്ക് പരസ്പര സമ്മതത്തോടെ അല്ലാതെ തമ്മിൽ വേർപെട്ടിരിക്കരുത്. നിങ്ങളുടെ അജിതേന്ദ്രിയത്വം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കേണ്ടതിന് വീണ്ടും ചേർന്നിരിപ്പിൻ (1 കൊരിന്ത്യർ 7 : 2 - 5).

മുകളിൽ ഉദ്ധരിച്ച വേദഭാഗങ്ങൾ വിവാഹിതരായവർ മനസ്സിരുത്തി വായിച്ച് ഗ്രഹിക്കണം. നിങ്ങളുടെ ജീവിതപങ്കാളിയെ അറിയുന്നതിനും സംതൃപ്തി നൽകുന്ന ദാമ്പത്യജീവിതം നയിക്കുന്നതിനും നിങ്ങൾ ശ്രദ്ധിക്കുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തുക. കഴിയുന്നില്ലെങ്കിൽ എന്തുകൊണ്ട് കഴിയുന്നില്ല. കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുക. ആരോഗ്യമുള്ള ദാമ്പത്യജീവിതം നിങ്ങളുടെ ജീവിത വിശുദ്ധിക്ക് നിർണായക ഘടകമാണ്. അതിൽ പരസ്പരം വിശ്വസ്തരായിരിക്കണം.

ലൈംഗിക ഇച്ഛ വിവാഹജീവിതത്തിനു വേണ്ടിയുള്ള ദൈവീക വരദാനമാണ്. ആ വരം ഉള്ളവർ മാത്രമാണ് വിവാഹിതരാകേണ്ടത്. ലൈംഗിക ഇച്ഛയെ തൃപ്തിപ്പെടുത്തേണ്ടത് ജീവിതപങ്കാളിയോട് ഒപ്പം ഉള്ള വിവാഹ ജീവിതത്തിലൂടെ ആയിരിക്കണമെന്ന് ദൈവം കൽപ്പിച്ചിരിക്കുന്നു. ജീവിതപങ്കാളികൾ പരസ്പരം വിശ്വസ്തരായിരിക്കുമ്പോൾ മാത്രമാണ് വിവാഹത്തിന്റെ മാന്യത ദൈവം കൽപ്പിച്ച നിലയിൽ നിലനിർത്തുവാൻ ഇടയാകുന്നത്. പരസ്പര വിശ്വസ്തതയിൽ ജീവിതപങ്കാളിക്ക് സംതൃപ്തി നൽകുന്നതിനുള്ള ശ്രദ്ധയും, ദുർന്നടപ്പിന് ഇടം നൽകാതിരിക്കുവാനുള്ള ജാഗ്രതയും ഉൾപ്പെടുന്നു. സ്വന്തം ജീവിതപങ്കാളി അല്ലാത്ത ഒരു വ്യക്തിയെ തെറ്റായ ചിന്തയോടെ നോക്കിയാൽ പോലും ഹൃദയത്തിൽ വ്യഭിചാരം ചെയ്യുന്നു എന്ന് കർത്താവ് ഗൗരവമായി പറഞ്ഞിരിക്കുന്നല്ലോ. ഇങ്ങനെ തെറ്റിപ്പോകുവാൻ കാരണമാകുന്നത് തൃപ്തിപ്പെടാത്ത ഇച്ഛകൾ മനസ്സിൽ താലോലിക്കപ്പെടുമ്പോഴാണ്.

ഒരുമനസ്സുള്ളവരായി സ്നേഹത്തിന്റെ സമൃദ്ധി അനുഭവിച്ച് സംതൃപ്തിയുള്ള കുടുംബ ജീവിതം നയിക്കുമ്പോഴാണ് വിവാഹത്തിന്റെ മാന്യത നിലനിൽക്കുന്നത്. അവരുടെ കിടക്ക നിർമ്മലമായിരിക്കും. ദൈവപ്രസാദം അവരുടെ മേൽ ഉണ്ടായിരിക്കും.

**ഇങ്ങനെ തെറ്റിപ്പോകുവാൻ കാരണമാകുന്നത് തൃപ്തിപ്പെടാത്ത ഇച്ഛകൾ മനസ്സിൽ താലോലിക്കപ്പെടുമ്പോഴാണ്.**

വിവാഹത്തിന്റെ ശില്പി ആയിരിക്കുന്ന ദൈവം ഓരോരുത്തരുടെയും കുടുംബജീവിതത്തെ സശ്രദ്ധം വീക്ഷിക്കുന്നുണ്ട്. അവിശ്വസ്തതകളും അവിടുന്ന് കുറിച്ച് വയ്ക്കുന്നു. വ്യഭിചാരികളെയും അവിടുന്ന് വിധിക്കും എന്ന മുന്നറിയിപ്പ് നമുക്ക് നൽകിയിരിക്കുന്നു. ഹൃദയം കൊണ്ട് പോലും വ്യഭിചാരം ചെയ്യുവാൻ ഇടവരാതെ ഇന്ദ്രിയജയം ഉള്ളവരും ആത്മനിയന്ത്രണം ഉള്ളവരും ആയിരിക്കണം നാം ഓരോരുത്തരും എന്നു ദൈവം ആഗ്രഹിക്കുന്നു. ആരോഗ്യമുള്ള ദാമ്പത്യ ജീവിതത്തിന്റെ പ്രസക്തി ഇവിടെ വളരെ വലുതാണ്.

വളർന്നുവരുന്ന ഇളം തലമുറയ്ക്ക് വിവാഹ ജീവിതത്തെക്കുറിച്ച് സുതാര്യതയും വ്യക്തതയും ഉള്ള അറിവുകൾ പങ്കിട്ടുകൊടുക്കുവാൻ മുതിർന്നവർ ശ്രദ്ധിക്കേണ്ടതുണ്ട്. മാതാപിതാക്കൾ തന്നെ തങ്ങളുടെ മക്കൾക്ക് ഒരു മാതൃക ആയിരിക്കണം. അവരുടെ വളർച്ചയ്ക്ക് അനുസൃതമായി ഉപദേശങ്ങളും അറിവുകളും പകർന്നു നൽകുവാൻ ഉത്സാഹിക്കണം. ദൈവം രൂപകൽപ്പന ചെയ്ത കുടുംബ ജീവിതം എന്താണെന്ന് അവർ ശരിക്കും മനസ്സിലാക്കി വളരണം. സമൂഹത്തിൽ ആഞ്ഞടിച്ചു കൊണ്ടിരിക്കുന്ന കുടുംബത്തകർച്ചയുടെ കാറ്റിനെ ചെറുത്തുനിന്നുകൊണ്ട് മാതൃകയും വെളിച്ചവും പകരുന്ന ഉറപ്പുള്ള കുടുംബജീവിതം നയിക്കുവാൻ അവർ പ്രാപ്തരാകേണ്ടതുണ്ട്.

നിങ്ങളുടെ വിവാഹജീവിതം സംതൃപ്തിയും സമാധാനവും നിറഞ്ഞതല്ല എങ്കിൽ നിങ്ങൾ അത് ഗൗരവമായി കാണണം. പരിഹാരത്തിനു വേണ്ടി ശ്രമിക്കുവാൻ വൈകരുത്. പ്രാർത്ഥിക്കുകയും പക്വതയുള്ള ആത്മീയ ഉപദേശകന്മാരുടെ (Spiritual Counselors) സഹായം തേടുകയും ചെയ്യുക. നിങ്ങളുടെ കുടുംബത്തെക്കാൾ വലുതായി ഒന്നും ഈ ലോകത്തിൽ നിങ്ങൾക്കില്ല. •

*(സംതൃപ്തിയുള്ള കുടുംബജീവിതം നയിക്കുന്നതിന് മാർഗ്ഗദർശനം നൽകുന്ന **'സുരഭില ഭവനം'** എന്ന പുസ്തകം വായിച്ചിട്ടില്ല എങ്കിൽ അതിന്റെ ഒരു കോപ്പി കരസ്ഥമാക്കുവാൻ ഓഫീസുമായി ബന്ധപ്പെടുക)*



സാജു മാത്യു

# മുപ്പിരിച്ചരട്

***'ഒരുവനെക്കാൾ ഇരുവർ ഏറെ നല്ലത്; അവർക്കു തങ്ങളുടെ പ്രയത്നത്താൽ നല്ല പ്രതിഫലം കിട്ടുന്നു" (സഭാപ്രസംഗി 4:9).***

എലിസബെത്ത് ടെയ്‌ലർ എന്ന ഹോളിവുഡ് താരം ഏഴു പ്രാവശ്യം വിവാഹം കഴിച്ചു. എന്നാൽ, ഓരോ പുതിയ വിവാഹത്തിനും മുൻപ് അവർ പഴയ വിവാഹം ഒഴിഞ്ഞിരുന്നു. ഏഴു വിവാഹം; ആറു ഭർത്താക്കന്മാർ (റിച്ചാർഡ് ബർട്ടനെ അവർ രണ്ടു പ്രാവശ്യം വിവാഹം ചെയ്തു). ആറു വിവാഹമോചനങ്ങൾ... എന്തിനാണ് ഈ വിവാഹങ്ങളും വിവാഹമോചനങ്ങളും എന്ന ചോദ്യത്തിനു "സാൻഫ്രാൻസിസ്കോ ക്രോണിക്കിൾ" എന്ന പത്രത്തിനു അവർ നല്കിയ വിവരണം ഇങ്ങനെ:''ഞാൻ ധാർമികത പുലർത്താൻ ഇഷ്ടപ്പെടുന്ന ഒരു സ്ത്രീയാണ്. എന്റെ മാതാപിതാക്കൾ എന്നെ പഠിപ്പിച്ചത്, നിനക്ക് ഒരാളെ ഇഷ്ടപ്പെട്ടാൽ വിവാഹം കൂടാതെ ജീവിക്കരുത്; വിവാഹം കഴിച്ച് ജീവിക്കണം എന്നാണ്!'' എന്തൊരു സിംപിളായ ഉത്തരം. അവർ പറഞ്ഞതിന്റെ സാരമിതാണ്. മോഹം തോന്നിയപ്പോൾ മോഹിച്ചവരെ വിവാഹം കഴിച്ചു... മോഹമൊഴിഞ്ഞപ്പോൾ വിവാഹമൊഴിഞ്ഞു!

മോഹം തോന്നിയാൽ വിവാഹം കഴിക്കണമെന്നെങ്കിലും എലിസബെത്ത് ടെയ്‌ലറിന്റെ മാതാപിതാക്കൾ പഠിപ്പിച്ചല്ലോ. എന്നാൽ, മോഹം തോന്നിയാൽ മോഹം തീർത്തോളൂ, വിവാഹം വേണ്ട എന്നാണു പുതിയ തലമുറയിലെ ചിലരുടെ ചിന്ത! ഈയിടെ അവിശ്വസനീയമായ ഒരു പ്രസ്താവന ഒരാൾ നടത്തുന്നതു കേട്ടു: അമേരിക്കയിൽ ഇപ്പോൾ വിവാഹമോചനങ്ങൾ കുറവാണത്രേ!

"ഓ അതു ശരിയോ, എന്താ കാര്യം?" എന്നു ചോദിച്ചപ്പോഴാണു മറുപടി കൂടുതൽ ഷോക്കിങ് ആയത്! അമേരിക്കയിൽ ഇപ്പോൾ വിവാഹങ്ങൾ തന്നെ കുറവാണത്രേ. അതുകൊണ്ട് വിവാഹമോചനങ്ങളും കുറയുന്നു. വിവാഹത്തിന്റെ വിലങ്ങുകളില്ലാതെ ഒറ്റത്തടിയായി ജീവിക്കാനുള്ള തീരുമാനം യുവതലമുറയിൽ വളരുന്നു. ഭാര്യാഭർത്തൃബന്ധം ഒരു ബാധ്യതയാണെന്നു തോന്നുമ്പോഴാണല്ലോ വിവാഹമോചനം നടക്കുന്നത്. എന്നാൽ, അത്രയ്ക്കൊന്നും പോകേണ്ട, വിവാഹമേ വേണ്ടെന്നു വെച്ചാൽ പിന്നെ ബാധ്യതയുടെ പ്രശ്നവുമുണ്ടാകുന്നില്ലല്ലോ എന്നാണു ഈ പുതിയ അവതാരങ്ങളുടെ ചിന്ത! കുടുംബജീവിതം തന്റെ സ്വാതന്ത്ര്യത്തിനു വിലങ്ങുതടിയായതിനാൽ ഒറ്റയ്ക്കു കഴിയാനാണു തന്റെ തീരുമാനമെന്നും മലയാളത്തിലെ ഒരു ടെലിവിഷൻ അവതാരക പരസ്യമായി പ്രഖ്യാപിച്ചപ്പോൾ അവരുടെ താരമൂല്യം വർധിക്കയാണുണ്ടായതത്രേ!.

വിവാഹമെന്നത് ദൈവികവ്യവസ്ഥയാണ്. അതിനെ തകർക്കാൻ പിശാചു കൊണ്ടുവരുന്ന പദ്ധതിയാണു വിവാഹമോചനം (divorse). ഇപ്പോഴിതാ വിവാഹത്തെ മൂടേ പിഴുതെറിയാനുള്ള മോഹവുമായി പുതിയ പദ്ധതിയുമായി വന്നിരിക്കുന്നു. വിവാഹവിരോധം (hate for marriage). വിവാഹിതരുടെ ജീവിതം ഏകാകികളുടെ ജീവിതത്തെക്കാൾ എത്ര മഹത്തരം എന്നാണു നമ്മുടെ വേദഭാഗത്തു സഭാപ്രസംഗി പറയുന്നത്: "ഒരുവനെക്കാൾ ഇരുവർ ഏറെ നല്ലത്!"(സഭാപ്രസംഗി 4: 9) ഇതു ഒരു ജനറൽ സ്റ്റേറ്റ്മെന്റ് എന്നു തോന്നിയേക്കാം. ഏതു നിലയിലും ഒരുവനെക്കാൾ ഇരുവർ

തന്നെയാണു നല്ലത്. എന്നാൽ, ഈ പ്രസ്താവന ശരിയായി യോജിക്കുന്നത് വിവാഹിതരുടെ അവസ്ഥയ്ക്കു തന്നെ. സ്വന്തം സുഖങ്ങൾക്കും സ്വാതന്ത്ര്യത്തിനും തടസ്സമുണ്ടാകുമെന്നു ചിന്തിച്ചാണല്ലോ പുതുതലമുറയിലെ പലരും വിവാഹത്തോടു വിരക്തി കാണിക്കുന്നത്. അതിനു സമാനമായി, സ്വാർഥലക്ഷ്യങ്ങളോടെ ഏകാകിയായി ജീവിക്കാൻ തീരുമാനമെടുത്ത ഒരാളെ സഭാപ്രസംഗി പരിചയപ്പെടുത്തുന്നു.

"ഏകാകിയായ ഒരുത്തനുണ്ട്. അവന് ആരുമില്ല; മകനില്ല, സഹോദരനുമില്ല..." (സഭാപ്രസംഗി 4: 8) എന്തുകൊണ്ട്? അവൻ ഒറ്റപ്പുത്രനായതുകൊണ്ടൊന്നുമല്ല. സഹോദരനുമായി അവർക്കു ബന്ധമൊന്നുമില്ല. വന്ധ്യനായതുകൊണ്ടല്ല അവനു മക്കളില്ലാത്തത്... അവൻ വിവാഹം കഴിച്ചിട്ടില്ല. അവൻ പ്രണയിച്ചതു സമ്പത്തിനെയായിരുന്നു; അവൻ വിവാഹം കഴിച്ചത് പ്രണയത്തെ ആയിരുന്നു. സമ്പത്തിനു വേണ്ടി അവൻ ജീവിച്ചു...''എങ്കിലും അവന്റെ പ്രയത്നത്തിനു ഒന്നിനും അവസാനമില്ല; അവന്റെ കണ്ണിനു സമ്പത്തു കണ്ടു തൃപ്തി വരുന്നില്ല; എന്നാൽ, അവൻ ആർക്കുവേണ്ടി പ്രയത്നിച്ച് സുഖാനുഭവം ത്യജിക്കുന്നു? ഇതു മായയും വല്ലാത്ത കഷ്ടതയും തന്നെ..."(സഭാപ്രസംഗി 4: 8). പങ്കുവയ്ക്കാത്ത സമ്പത്തു സുഖമല്ല, മായയാണ്.

സ്വാതന്ത്ര്യവും സുഖവും സ്വന്തമായിത്തന്നെ സൂക്ഷിക്കാൻ പങ്കാളി വേണ്ടെന്നു വയ്ക്കുന്നവർ ഒരുകാര്യം തിരിച്ചറിയുന്നില്ല–പങ്കാളിയില്ലാത്ത സുഖം സൗഖ്യമല്ല, 'കഷ്ടപ്പാടാണ്', പങ്കാളിയിൽ നിന്നുള്ള മോചനം സ്വാതന്ത്ര്യമല്ല, മായയാണ്! ''ഒരുവനെക്കാൾ ഇരുവർ നല്ലത്, അവർക്കു തങ്ങളുടെ പ്രയത്നത്താൽ നല്ല പ്രതിഫലം കിട്ടുന്നു'' (സഭാപ്രസംഗി 4: 9) രണ്ടുപേർ ഒറ്റയ്ക്കൊറ്റയ്ക്കു പ്രവർത്തിക്കുന്നതുപോലെയല്ല ഇരുവർ ഒരുമിച്ചു പ്രവർത്തിക്കുന്നത്. 40 കിലോയുടെ ഒരു ചാക്ക് ഒരാൾക്ക് ഒരുപക്ഷേ, തനിയെ പിടിച്ചുമാറ്റാൻ കഴിയില്ല. എന്നാൽ, രണ്ടുപേർ ഒരുമിച്ചു പരിശ്രമിച്ചാൽ 80 കിലോ അല്ല, നൂറോ നൂറ്റിരുപതോ കിലോ ഭാരം വരെ പിടിച്ചു മാറ്റിവയ്ക്കാനാവും. കുടുംബജീവിതത്തിലും ഇങ്ങനെ തന്നെ. പ്രയത്നം പങ്കുവയ്ക്കാൻ തുടങ്ങുമ്പോൾ കാര്യങ്ങൾ ലളിതമായിത്തീരും.

എന്നാൽ, കാര്യങ്ങൾ ശരിയായി നടക്കണമെങ്കിൽ രണ്ടുപേരുണ്ടെന്നു പറഞ്ഞിട്ടുമാത്രം കാര്യമില്ല. രണ്ടുപേർ തമ്മിൽ ഒരുമയും വേണം. ഒരാൾ കനമുള്ള ഒരു ഊണുമേശ വീടിനു പുറത്തോട്ടിറക്കാൻ പരിശ്രമിക്കുകയായിരുന്നു. അയാൾക്കതിനു കഴിഞ്ഞില്ല. ദൂരെനിന്നു ഒരാൾ നടന്നുവരുന്നതുകണ്ട് അയാൾ സഹായമഭ്യർഥിച്ചു: ''ഈ മേശയ്ക്കൊന്നു പിടിച്ചു സഹായിച്ചേ," അയാൾ പറഞ്ഞു. വഴിപോക്കൻ സഹായിക്കാനെത്തി. അരമണിക്കൂർ പരിശ്രമിച്ചിട്ടും ഒന്നും സംഭവിച്ചില്ല "ശ്ശെ!' നമ്മൾ രണ്ടു തടിമാടന്മാർ അരമണിക്കൂർ പരിശ്രമിച്ചിട്ടും ഈ മേശ പുറത്തോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ലല്ലോ...," വീട്ടുകാരൻ പറഞ്ഞു.

''ആഹാ!'' വഴിപോക്കൻ ആശ്ചര്യപ്പെട്ടു പറഞ്ഞു: 'താനിതു പുറത്തോട്ടു കൊണ്ടുപോകാൻ നോക്കുകയായിരുന്നുവോ..ഞാനിതു അകത്തേക്കു കയറ്റുവാൻ പരിശ്രമിക്കുകയായിരുന്നു..."മനസ്സിലിരുപ്പ് അന്യോന്യം വെളിപ്പെടുത്താതിരുന്നതിനാൽ ഇരുവരും എതിർദിശയിലേക്കാണു മേശപിടിച്ചത്! ഫലമോ, അതു കാറ്റിനെ പിടിക്കുന്നതുപോലെ മായയായിത്തീർന്നു!

ഇരുവർ ചേർന്നുള്ള പ്രവർത്തനത്തിനു "നല്ല" പ്രതിഫലം കിട്ടുന്നു (സഭാപ്രസംഗി 4: 9) എന്നു സഭാപ്രസംഗി പറയുന്നു." നല്ല"(good reward) പ്രതിഫലം എന്നതു ഇവിടെ വിശാലമായ അർഥമുള്ളൊരു വാക്കാണ്. സമൃദ്ധമായ, ആനന്ദകരമായ (bountiful, joyful) പ്രതിഫലം എന്നാണിവിടെ അർഥം. കുടുംബജീവിതത്തിൽ അധ്വാനമുണ്ട്; എന്നാൽ, അധ്വാനത്തിനു ആനന്ദകരമായ, ഉല്ലാസകരമായ പ്രതിഫലമവുമുണ്ട്. " വീണാൽ ഒരുവൻ മറ്റവനെ എഴുന്നേൽപ്പിക്കും; ഏകാകി വീണാലോ അവനെ എഴുന്നേൽപ്പിക്കാൻ ആരുമില്ലായ്കകൊണ്ട് അവന് അയ്യോ കഷ്ടം!'' (സഭാപ്രസംഗി 4: 10).

ഒറ്റയ്ക്കു കഴിയുന്നതിന്റെ സുഖത്തിന്റെയും സ്വാതന്ത്രത്തിന്റെയും കണക്കു പറയുന്നവർ ഒരു കാര്യം മറക്കുന്നു: നിങ്ങളുടെ എല്ലാ സുഖവും സ്വാതന്ത്ര്യവും നിങ്ങൾക്കു ലഭിക്കുന്നതു നിങ്ങൾ നിൽക്കുമ്പാഴാണ്, വീഴുമ്പോഴല്ല. വീഴുമ്പോൾ എഴുന്നേൽപ്പിക്കണമെങ്കിൽ ഒരു പങ്കാളിയുണ്ടായാലേ പറ്റൂ." പങ്കാളിയുണ്ടായാൽ എഴുന്നേൽപ്പിക്കണമെന്നു നിർബന്ധമുണ്ടോ" എന്നു ചോദിച്ചേക്കാം. പങ്കാളിയാണെങ്കിൽ തീർച്ചയായും എഴുന്നേൽപ്പിക്കും. ഇന്നു പലപ്പോഴും കാണുന്നതുപോലെയുള്ള 'ഇണ' ബന്ധമാണെങ്കിൽ എഴുന്നേൽപ്പിക്കാനൊന്നും ഇണ നിൽക്കണമെന്നില്ല. വീണു കിടക്കുന്നവനെ വിട്ട് 'തുണ' നിൽക്കുന്നവനെ' തേടിപ്പോകും. എന്നാൽ, ദൈവം യോജിപ്പിച്ച തുണ

(കൂട്ടാളി) വീണുകിടക്കുന്ന പങ്കാളിയെ തീർച്ചയായും എഴുന്നേൽപ്പിക്കും!

"രണ്ടുപേർ ഒന്നിച്ചു കിടന്നാൽ അവർക്കു കുളിർ മാറും; ഒരുത്തൻ തന്നെയായാലോ എങ്ങനെ കുളിർ മാറും?'(സഭാപ്രസംഗി 4: 11) കുടുംബജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യമാണ് അന്യോന്യം നൽകുന്ന ഊഷ്മളത (warmth). ഈ സങ്കീർണമായ ലോകത്തിൽ മനസ്സു മടുപ്പിക്കുന്ന അനേക ജീവിതാനുഭവങ്ങൾ ഓരോ ദിവസവും ഉണ്ടാകും. ഓഫീസ് ജീവിതത്തിലും സമൂഹത്തിലും സഭാ ബന്ധത്തിലുമുൾപ്പെടെ നമ്മെ മനസിലാക്കാൻ മെനക്കെടാത്ത അനേകമാളുകൾ! അവരുടെ പരുഷമായ വാക്കുകളിൽ മുറിവേറ്റു തളർന്ന് തണുത്ത് വീട്ടിലെത്തുമ്പോൾ സാന്ത്വനമായി, ഊഷ്മളതയോടെ ഭാര്യ, ഭർത്താവിനെ എതിരേറ്റു ചെല്ലുന്നു...ഒരു ഗ്ലാസ് ചൂടുചായ നിങ്ങൾക്കു ഏതു കാപ്പിക്കടയിലും കിട്ടും. എന്നാൽ, ഈ ഊഷ്മളത നിങ്ങൾക്കു വീട്ടിലേ കിട്ടൂ. ഒരുപക്ഷേ, വീട്ടുകാരുടെ നിന്ദാകരമായ കുത്തുവർത്തമാനംകേട്ട് ഭാര്യ തണുത്തു വിറച്ചിരിക്കുകയാകും... അവിടെ ഭർത്താവിന്റെ ഊഷ്മളമായ ഒരു വാക്ക് അവളെ ഉത്സാഹപൂർണയാക്കുന്നു.... പങ്കാളിയുമൊന്നിച്ചുള്ള ജീവിതത്തിൽ തീർച്ചയായും ഊഷ്മളതയുണ്ട്.

"ഒരുത്തനെ ആരെങ്കിലും അക്രമിച്ചാൽ രണ്ടുപേർക്കും അവനോടു എതിർത്തു നിൽക്കാം" (സഭാപ്രസംഗി 4:12). കുടുംബജീവിതത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിലൊന്നാണിത്. ഭാര്യാഭർത്താക്കന്മാർ ലോകത്തിലെ സകല കാര്യങ്ങളെപ്പറ്റിയും ഒരേ അഭിപ്രായമുള്ളവരായിരിക്കണമെന്നില്ല. ഇഷ്ടാനിഷ്ടങ്ങളിലും അറിവുകളിലുമൊക്കെ വ്യത്യസ്തത പുലർത്തുന്നുണ്ടാവാം. എന്നാൽ, പുറത്തുനിന്നു ഒരാൾ നിങ്ങളുടെ പങ്കാളിയെ ആശയത്തിന്റെ പേരിലോ അറിവുകളുടെ തലത്തിലോ അക്രമിച്ചാൽ, നിങ്ങൾ നിങ്ങളുടെ പങ്കാളിയോടു ചേർന്നുനിൽക്കണം. അക്രമിക്കുന്നവനോടു ചേർന്നു നിങ്ങളും കൂടെ പങ്കാളിയെ അക്രമിക്കരുത്. നിങ്ങളുടെ പങ്കാളിയുടെ വിവരക്കേട്-ബലഹീനത- നിങ്ങൾ അറിഞ്ഞാൽ മതി. ദൈവമാണു നിങ്ങളെ പങ്കാളികളാക്കിയത്. പങ്കാളി അക്രമിക്കപ്പെടുമ്പോൾ എപ്പോഴും പങ്കാളിയുടെ കൂടെ നിൽക്കുക. അതു അനുഗ്രഹമാണ്! എന്നാലിന്ന് എന്താണവസ്ഥ? പങ്കാളികൾ അന്യോന്യം അക്രമിക്കുന്ന അവസ്ഥ.! ഒരുമിച്ചു നിൽക്കേണ്ടുന്നവർ തമ്മിൽ അക്രമിക്കുമ്പോഴാണു വിവാഹം തകരുന്നതും വിവാഹ മോചനത്തിന് വഴിയൊരുങ്ങുന്നതും! "മുപ്പരിച്ചരട് വേഗത്തിൽ അറ്റുപോകയില്ല" (സഭാപ്രസംഗി 4:12) നമ്മുടെ വേദഭാഗത്തിന്റെ ആണിക്കല്ല് ഈ വാക്യമാണ്. ഏകാകിയുടെ വിനാശത്തിൽത്തുടങ്ങി ഇരുവരുടെ സൗഭാഗ്യത്തെ വിവരിച്ചിട്ട് സഭാപ്രസംഗി തുടർന്നു പറയുന്നു...ഏകാകി തകർന്നുപോകും, ഇരുവരാണു നല്ലത്. എന്നാൽ, പൂർണതയിലെത്താൻ- പൊട്ടാതെ മുന്നേറാൻ ഇരുവരും പോര; മൂന്നാമതൊരാൾ വേണം! അതാണ് ദൈവം!

കുടുംബം രണ്ടുപേരുടെ കൂട്ടായ്മയല്ല, മൂന്നുപേരുടെ കൂട്ടായ്മാണ്! ദൈവമാണു കുടുംബത്തിൽ പുരുഷനെയും സ്ത്രീയെയും യോജിപ്പിച്ചത്. എന്നാൽ കൂട്ടിയോജിപ്പിച്ചിട്ടു ദൈവം രംഗംവിടുന്നില്ല. ഒരു മൂന്നു പിണിക്കയർ (three fold cord) തുടക്കംമുതൽ ഒടുക്കംവരെ എങ്ങനെ മൂന്നു പിണികളും ഇഴചേർന്നുപോകുന്നുവോ, അതുപോലെ കുടുംബജീവിതത്തിൽ ഭാര്യയോടും ഭർത്താവിനോടുമൊപ്പം ദൈവം മൂന്നാം പിണിയായി ഇഴകലർന്നു പോകണം. അങ്ങനെയൊരു കുടുംബബന്ധം തകരുകയില്ല!

തകരുന്ന കുടുംബബന്ധങ്ങൾ കണ്ടിട്ടാണല്ലോ പലരും വിവാഹത്തെത്തന്നെ പേടിക്കുന്നത്. എന്നാൽ, മൂന്നാം പിണിയായി ദൈവം ഇഴചേർന്നു കൊണ്ടുപോകുന്ന കുടുംബ ബന്ധത്തിനു തകർച്ചയുണ്ടാവില്ല. പ്രയത്നമുണ്ടെങ്കിലും പ്രയത്നത്തിലെ കൂട്ടായ്മ ഉല്ലാസപൂർണമായ പ്രതിഫലം വാഗ്ദാനം ചെയ്യുന്നു. അവിടെ വീഴുന്നവനെ പങ്കാളികൾ അന്യോന്യം എഴുന്നേൽപ്പിക്കുന്നു. നിന്ദയുടെയും വേദനയുടെയും കുളിരിൽ പങ്കാളികൾ അന്യോന്യം ഊഷ്മളമായി സാന്ത്വനം നൽകുന്നു.

എതിരാളികളുടെ അക്രമണത്തിൽ പങ്കാളികൾ ഒന്നുചേർന്നു പ്രത്യാക്രണം നടത്തുന്നു; എന്നാൽ, പങ്കാളിത്തത്തിന്റെ സുഗമമായ മുന്നേറ്റവും പൂർണതയും ഉറപ്പാക്കുന്നതു പങ്കാളിയുടെ സ്വയപ്രയത്നത്താലല്ല; ഓരോ ഇഴകളിലും കയറിയിറങ്ങി രണ്ടു പിണികളെ ഉറപ്പിച്ചു നിർത്തുന്ന മൂന്നാം പിണിയായ കർത്താവു തന്നെ!

കർത്താവ് ആശീർവദിച്ച വിവാഹവ്യവസ്ഥയെ തകർക്കാൻ പിശാച് ഒരുക്കുന്ന തന്ത്രങ്ങളെ തിരിച്ചറിയണം. വിവാഹമോചനവും വിവാഹവിരോധവും അംഗീകരിച്ചിരിക്കുന്ന ഇക്കാലത്ത് കർത്താവിനെ മൂന്നാം പിണിയാക്കി പണിതുയരുന്ന കുടുംബ ബന്ധങ്ങൾ പണിതുയർത്തുന്നതിൽ ദൈവകൃപയിലാശ്രയിച്ചു എല്ലാവരും പ്രായോഗികമാക്കണം. •



ചെയ്സ് ജോസഫ്

# വിശ്വാസത്താലുള്ള നീതി എന്താണ്?

***റോമാലേഖനം 10:10 മുതൽ ഉള്ള വാക്യങ്ങൾ.***

**വി**ശ്വാസത്താലുള്ള നീതി എന്താണന്നാണ് ഈ വാക്യങ്ങൾ നമ്മോടു സംസാരിക്കുന്നത്. രണ്ടു പ്രധാന ഘടകങ്ങൾ ആണ് വിശ്വാസത്താലുള്ള നീതിയിൽ ഉൾക്കൊള്ളുന്നത്. ഒന്ന്, യേശുക്രിസ്തുവിന്റെ കർത്തൃത്വം ആണ്. ഇത് നമ്മുടെ രക്ഷയുടെ ഏറ്റവും പ്രധാനമായ ഫലമാണ്. നമ്മുടെ കർതൃത്വം അവസാനിക്കുകയും നമ്മുടെ രാജ്യം തകരുകയും യേശുക്രിസ്തുവിന്റെ കർതൃത്വം നാം സ്വീകരിക്കുകയും ചെയ്യുന്നു. സുവിശേഷം അനുസരിച്ചുള്ള വിശ്വാസത്താൽ നാം നീതീകരിക്കപ്പെടുന്നതിനെക്കുറിച്ച് ശരിയായ ഒരു കാഴ്ചപ്പാട് ഉണ്ടെങ്കിലും, വിശ്വാസത്താൽ നീതി ലഭിക്കുന്നതിനെക്കുറിച്ച് അത്ര വ്യക്തമായ ഒരു ധാരണ ഇല്ല എന്ന് തന്നെ പറയേണ്ടി വരും. സൗജന്യമായി നാം നീതീകരിക്കപ്പെടുന്നതോടെ രക്ഷയുടെ ആതലം കഴിഞ്ഞു എന്ന് പലരും കരുതാറുണ്ട്. എന്നാൽ നീതി നമുക്ക് അനുഭവിക്കാനുള്ളതും ജീവിക്കാനുള്ളതും ദൈവത്തെ അനുസരണത്തിലൂടെ പ്രസാദിപ്പിക്കാനുള്ളതും ആണ്. അതുകൊണ്ട് ദൈവനീതി നമ്മുടെ ജീവിതത്തിൽ നിറവേറേണ്ടതു ദൈവീക ഉദ്ദേശ്യം ആണ്. നമ്മുടെ കർതൃത്വം ഉപേക്ഷിക്കാതെ തന്നെ മനുഷ്യരുടെ നീതി നടപ്പാകുവാൻ നാം പ്രവർത്തിച്ചാൽ മതി, എന്നാൽ ദൈവനീതി നമ്മിൽ നടപ്പാവണമെങ്കിൽ നമ്മുടെ കർതൃത്വം ഇല്ലാതാവുകയും യേശുക്രിസ്തുവിന്റെ കർതൃത്വം നാം അംഗീകരിക്കുകയും വേണം.

രണ്ടാമത്തെ പ്രധാന ഘടകം യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിലുള്ള വിശ്വാസം ആണ്. ദൈവം യേശുക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിച്ചു എന്ന് ഞാൻ ഹൃദയത്തിൽ ഉറപ്പിക്കേണ്ടതുണ്ട്. ഈ ഉറപ്പാണ് എന്നെ നീതിയിൽ ജീവിക്കാനുള്ള ധൈര്യം ഉള്ളവനാക്കി മാറ്റുന്നത്. മരണം നമ്മുടെ മുൻപിൽ നിൽക്കുകയാണെങ്കിൽ എന്നെ ഭരിക്കുന്നത് ഭയം ആണ്. യേശുവിന്റെ പുനരുത്ഥാനം എന്റെ ഭയങ്ങളെ നീക്കിയിരിക്കുന്നു. ജീവപര്യന്തം മരണഭയത്തിനടിമക്കളായിരുന്ന നമ്മെ യേശു രക്ഷിച്ചു. യേശുവിന്റെ പുനരുത്ഥാനത്താൽ നമുക്ക് ഒരിക്കലും അഴിഞ്ഞു പോകാത്ത വാഗ്ദത്തങ്ങളും നൽകി. എന്നാൽ ഈ വിശ്വാസം എന്താണ് നമുക്ക് നൽകുന്നത്? നീതിയാണ് ഈ വിശ്വാസത്തിന്റെ ഫലം. ഹൃദയം കൊണ്ട് വിശ്വസിക്കുമ്പോഴാണ് നീതി ലഭിക്കുന്നത്. എന്നാൽ ആ നീതി എനിക്ക് രക്ഷയായി മാറേണ്ടതിനു ഞാൻ യേശുവിന്റെ കർതൃത്വത്തെ ഏറ്റു പറയുന്നു (റോമർ10:10).

എന്തുകൊണ്ടാണ് ദൈവം വിശ്വാസത്തിന്റെ ഒരു വ്യവസ്ഥ മുൻപോട്ടു വച്ചതു? അത് യേശുവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും യഹൂദനെന്നോ യവനനെന്നോ ഉള്ള വ്യത്യാസം കൂടാതെ സകലരെയും രക്ഷിക്കുക എന്ന ദൈവീകോദ്ദേശ്യത്തിന്റെ പ്രതിഫലനമാണ്. ദൈവത്തെ വിളിച്ചപേക്ഷിക്കുന്ന ആരും രക്ഷിക്കപ്പെടാതെ പോവുകയില്ല എന്നുള്ള ദൈവവാഗ്ദത്തം നിറവേറുന്നത് ഇങ്ങനെയാണ്. (റോമർ 10:11 ) പക്ഷെ, ഈ നീതിയുടെ ഒരു പ്രധാന വിശേഷം അത് വിശ്വാസത്താലാണ് വരുന്നത് എന്നാണ്. വിശ്വാസം എങ്ങനെയാ

ണ് ഒരാളിൽ ഉരുവാകുന്നത്? അതിനു അവർ വചനം കേൾക്കേണ്ടത് ആവശ്യമാണ്. വചനം കേൾക്കാതെ, കേട്ട വചനം വിശ്വസിക്കാതെ ആരെങ്കിലും ഈ ലോകത്തു രക്ഷപ്പെടുമോ? ഒരിക്കലും ഇല്ല. ദൈവീക രക്ഷ നമുക്ക് ലഭിക്കുന്നത് സുവിശേഷത്തിന്റെ കേൾവിയാൽ ഉണ്ടാവുന്ന വിശ്വാസത്തിലൂടെയാണ്. അതുകൊണ്ടാണ് സുവിശേഷം പറയുന്നവരുടെ പാദങ്ങൾ എത്ര മനോഹരം എന്ന് പറയുന്നത്. അവരുടെ കൈയിൽ മാത്രമാണ് സൗജന്യമായ രക്ഷയുടെ വാർത്ത ഉള്ളത്.

വിശ്വാസം വരുന്നത് കേൾവിയാലാണെങ്കിൽ അത് പ്രസംഗിക്കുവാൻ ആരെങ്കിലും അയയ്ക്കപ്പെടണം. പ്രസംഗിക്കാതെ ആർക്കു കേൾക്കാൻ കഴിയും. ഈ വാക്യങ്ങൾ സൂചിപ്പിക്കുന്നത് വചനത്തിന്റെ പ്രസംഗം കൂടാതെ ആർക്കും വിശ്വസിക്കുവാൻ കഴിയുകയില്ല എന്നും, ദൈവം രക്ഷിക്കും എന്ന വിശ്വാസം ഇല്ലാതെ ആർക്കും വിളിച്ചപേക്ഷിക്കാൻ കഴിയുകയില്ല എന്നും ആണ്. എന്നാൽ സുവിശേഷം പറയാൻ അയയ്ക്കപ്പെടണം എന്നു പറയാനുള്ള കാരണം എന്താണ്? ആരും അയയ്ക്കാതെ വേണമെങ്കിൽ പോയി സുവിശേഷം പറയാൻ കഴിയുമല്ലോ. എന്നാൽ പൗലോസ് പറയുന്നത് എങ്ങനെ ആണ് അയയ്ക്കപ്പെടാതെ പ്രസംഗിക്കാൻ കഴിയുക എന്നാണ്. ഈ ഒരു വാക്യം ഇന്ന് വളരെ പ്രസക്തമാണ്. ഇന്ന് പല ശുശ്രൂഷകരും സ്വമേധയാ സുവിശേഷം പറയുന്നവരാ ണ്. അല്ലെങ്കിൽ ശുശ്രൂഷിക്കുന്നവരാണ്. ഇതിൽ ചില അപകടങ്ങൾ ഉണ്ട്. ഒന്നാമതായി അവർ ശരിയായി സുവിശേഷം മനസ്സിലാക്കിയവർ ആണോ എന്നതാണ്. മറ്റൊന്ന് രക്ഷിക്കപ്പെട്ടവരെ ആര് പരിപാലിച്ചു ക്രിസ്തുവിൽ നടത്തും എന്നതാണ്. അയക്കുന്നവർ ഉത്തരവാദിത്തം ഉള്ളവർ ആണ്. അത് കൊണ്ട് സഭയാണ് ശുശ്രൂഷകരെ അയക്കേണ്ടത്.

ഓരോ ദേശത്തും സുവിശേഷം പറയുന്നവരുടെ കാൽ മനോഹരമാണ്. കാരണം അവരാണ് രക്ഷയുടെ വാതിൽ അനേകർക്കായി തുറക്കുന്നത്. എന്തുകൊണ്ടാണ് സഭയാണ് സുവിശേഷകരെ അയയ്ക്കേണ്ടത് എന്ന് പറയുന്നത്? അതിനു കാരണം രക്ഷിക്കപ്പെട്ടു വരുന്ന ഓരോരുത്തരെയും ക്രിസ്തുവിൽ തികഞ്ഞവരാക്കാൻ സഭയ്ക്ക് ഉത്തരവാദിത്തം ഉണ്ട്.

രക്ഷിക്കപ്പെട്ടവരെ വെറുതെ ഉപേക്ഷിച്ചു പോരാൻ കഴിയുകയില്ല. കാരണം വിശ്വാസത്തിൽ വളരാനുള്ള ഒരു വലിയ ഓട്ടത്തിന്റെ തുടക്കത്തിൽ എത്തിക്കാൻ മാത്രമേ ഒരു സുവിശേഷകന് കഴിയുകയുള്ളൂ. ബാക്കി കാര്യങ്ങളുടെ ഉത്തരവാദിത്തം സഭകൾക്കാണ്. എന്നാൽ ഇന്ന് സഭയിൽ ഒരു പുതിയ ആൾ വന്നാൽ, പത്തു വർഷത്തിന് ശേഷം അയാളുടെ ആത്മീകസ്ഥിതി എന്തായിരിക്കും? ക്രിസ്തുവിൽ വളർന്നു പക്വത പ്രാപിക്കുമോ? അതോ ലോകത്തിന്റെ മോഹങ്ങളിൽ ഉഴന്നു സമൃദ്ധിയും വിടുതലും ഈ നശിച്ചു പൊയ്ക്കൊണ്ടിരുന്ന ലോകത്തിൽ പ്രതീക്ഷിച്ചു, അതിൽ വിശ്വാസം അർപ്പിച്ചു കാത്തിരുന്നു രക്ഷാകരമായ വിശ്വാസം ത്യജിക്കുന്നവരായി മാറുമോ? കൂടുതൽ സാധ്യതയും വിശ്വാസത്തിൽ അനുദിനം ക്ഷീണിച്ചു വരുന്നതിനാണ്. അതുകൊണ്ട് ഒരാൾ സുവിശേഷം തത്വത്തിൽ സ്വീകരിച്ചാലും, സഭയിൽ വന്നു തുടങ്ങിയാലും. ചില വർഷം കഴിയുമ്പോൾ വന്നകാലത്തെ ഉത്സാഹം പോലും കെട്ടുപോയവരായി ദിവസങ്ങൾ തള്ളി നീക്കുന്നവരായി ആണ് കാണപ്പെടുന്നത്.

അതുകൊണ്ട് നാം എന്തൊക്കെ ആത്മീക പാഠങ്ങൾ ആണ് മനസ്സിലാക്കേണ്ടത്? പ്രധാനമായും സുവിശേഷം പ്രസംഗിക്കേണ്ടതിന്റെ ആവശ്യം ആണ് നാം ഗ്രഹിക്കേണ്ടത്. നാം പ്രസംഗിക്കുന്നത് നമ്മുടെ ചുറ്റും ഉള്ള ഓരോരുത്തരുടെയും രക്ഷയ്ക്ക് അനിവാര്യം ആണ്. രണ്ടാമത്തെ പാഠം സഭയുടെ നിയോഗം ഓരോ ശുശ്രൂഷയ്ക്കും ആവശ്യമാണ് എന്നാണ്.

ഇനിയുള്ള വാക്യങ്ങളിൽ പൗലോസ് സംസാരിക്കുന്നത് യിസ്രായേൽ എങ്ങനെ സുവിശേഷത്തോട് പ്രതികരിച്ചു എന്നതാണ്. അതിന്റെ കാരണം പൗലോസ് പറയുന്നത് യെശയ്യാവിന്റെ പ്രവചനനിവൃത്തിയായതു കൊണ്ടാണ് എന്നാണ്. ഞങ്ങൾ കേൾപ്പിച്ച വാർത്ത ആർ വിശ്വസിച്ചു എന്ന് യെശയ്യാവ് 53 ൽ പറയുന്നത് പോലെ അവിശ്വസനീയമായ ഒരു വാർത്ത ആയിരുന്നു യിസ്രായേലിനെ സംബന്ധിച്ച് ക്രിസ്തുവിന്റെ സുവിശേഷം. ജാതികളും അവരുടെ കൂടെ ചേർന്ന് ഒരു മനുഷ്യത്വമായി മാറും എന്നത് അവരുടെ സാമാന്യബുദ്ധിക്കു നിരക്കുന്നത് അല്ലായിരുന്നു.

എന്നാൽ യിസ്രായേൽ കേൾക്കാത്തത് കൊണ്ടല്ല വിശ്വസിക്കാത്തത്? സുവിശേഷം ലോകം മുഴുവൻ പടരുന്നു. അത് യിസ്രായേൽ കേൾക്കാത്തത് കൊണ്ടല്ല, പിന്നെയോ അവർ തള്ളിക്കളയുന്നത് കൊണ്ടാണ്. പൗലോസ് പറയുന്നു: അവർ കേട്ടു, പക്ഷെ ഗ്രഹിച്ചില്ല. പക്ഷെ അവർ വേറെ ഒരു കാഴ്ച കാണുന്നുണ്ട്.. ആ കാഴ്ച അവരുടെ എരിവ് വർധിപ്പിച്ചു, അവരിൽ സ്പർദ്ധ വർ

ശേഷം പേജ് 29 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# പരിഹാസത്തിന്റെ ആത്മാവിൽനിന്നു മോചനം പ്രാപിക്കാം...

മറ്റുള്ളവരെ ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുന്നത് നിരുപദ്രവകരമായ ഒരു കാര്യമായിട്ടാണ് പലരും ചിന്തിക്കുന്നത്. മറ്റു പല പാപങ്ങളുമായി താരതമ്യം ചെയ്തു നോക്കുമ്പോൾ, പരിഹാസത്തിനു കേൾക്കുമ്പോൾ ഒരാകർഷണ രൂപമാണുള്ളത്. ആൾക്കാർ ഒന്നിച്ചുകൂടുന്ന അവസരങ്ങളിൽ പരിഹാസത്തിന്റേതായ അന്തരീക്ഷം സൃഷ്ടിക്കുവാൻ ചിലർ ശ്രമിക്കാറുണ്ട്. മറ്റുള്ളവർക്ക് ചിരിക്കാൻ അവസരം ഉണ്ടാക്കുക വഴി തങ്ങൾക്കു കൂടുതൽ സ്നേഹിതരെ സമ്പാദിക്കുവാനും പ്രസ്തുത മാർഗം ഉപകരിക്കുമെന്ന് അത്തരക്കാർ കരുതുന്നു.

എന്നാൽ പരിഹാസത്തിൽ ചാലിച്ചെടുത്ത സംഭാഷണരീതി ഒരു ആത്മീയനു യോജിച്ചതാണോ? ദൈവദത്തമായ നർമ്മബോധവുമായി ഇതിനെ കൂട്ടിക്കുഴയ്ക്കരുത്. പരിഹാസത്തിന്റെ ആത്മാവ് പിശാചിൽ നിന്നു വരുന്നതാണ്. യേശുകർത്താവോ ശിഷ്യന്മാരോ ആദിമസഭാപിതാക്കന്മാരോ ആരെയും പരിഹസിച്ചതായോ പ്രയോജനരഹിതമായ സംഭാഷണങ്ങളിൽ ഏർപ്പെട്ടതായോ തിരുവെഴുത്തിൽ നാം കാണുന്നില്ല. ഒരു ആത്മീയന്റെ സംഭാഷണരീതി എപ്രകാരമുള്ളതായിരിക്കണമെന്ന് അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കുന്നുണ്ട്: അങ്ങനെ ആകുന്നു വിശുദ്ധന്മാർക്ക് ഉചിതം. ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുത്, സ്തോത്രമത്രേ വേണ്ടത്. വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്. ഈ വക നിമിത്തമല്ലോ ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു (എഫെസ്യർ 5: 4- 6).

യഹൂദപ്രമാണിമാരിൽ വ്യാപിച്ചിരുന്ന പരിഹാസത്തിന്റെ ആത്മാവാണ് യേശുകർത്താവിനെ മുൾക്കിരീടം ധരിപ്പിക്കാൻ കാരണമായത്. നരകം കയറൂരി വിടപ്പെട്ട ഒരു സന്ദർഭം കൂടിയായിരുന്നു അത്. സ്രഷ്ടാവിന്റെ നേരെ അവർ സാഹസത്തിനു മുതിർന്നു. പരിഹാസം മനുഷ്യരിൽ വേദന ജനിപ്പിക്കും. അതിന്റെ ഉത്ഭവസ്ഥാനം നരകമാണ്. നരകത്തിൽ നിന്നുള്ള വിത്ത് വിതച്ചാൽ നരകശിക്ഷയേ കൊയ്യാൻ കഴിയൂ. പരിഹാസികൾക്ക് ഗുരുതരമായ ദൈവശിക്ഷ ഉണ്ടാകുമെന്ന് നാം മനസിലാക്കണം. എതിർക്രിസ്തുവിന്റെ ഗണത്തിലാണ് പരിഹാസികളെ ദൈവവചനം ഉൾപ്പെടുത്തിയിരിക്കുന്നത്: പിതാക്കന്മാർ നിദ്രകൊണ്ടശേഷം സകലവും സൃഷ്ടി

**യഹൂദപ്രമാണിമാരിൽ വ്യാപിച്ചിരുന്ന പരിഹാസത്തിന്റെ ആത്മാവാണ് യേശുകർത്താവിനെ മുൾക്കിരീടം ധരിപ്പിക്കാൻ കാരണമായത്. നരകം കയറൂരി വിടപ്പെട്ട ഒരു സന്ദർഭം കൂടിയായിരുന്നു അത്.**

യുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നേ ഇരിക്കുന്നു എന്നുപറഞ്ഞു സ്വന്തമോഹങ്ങളെ അനുസരിച്ചുനടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്തു വരുമെന്നു വിശേഷാൽ അറിഞ്ഞുകൊള്ളുവിൻ (2 പത്രൊസ് 3 : 4).

പരിഹാസം ദൈവം വെറുക്കുന്ന ഗുരുതര പാപമാണെന്ന് വിശുദ്ധ വേദപുസ്തകത്തിൽ ആദിയോടന്തം രേഖപ്പെടുത്തിയിരിക്കുന്നു. സങ്കീർത്തനം ആരംഭിക്കുന്നതു തന്നെ ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ (സങ്കീർത്തനം 1: 1, 2) എന്നു പറഞ്ഞു കൊണ്ടാണ്. നിഗളവും ഗർവവും ഉള്ളവനു പരിഹാസി എന്നു പേര്. അവൻ ഗർവത്തിന്റെ അഹങ്കാരത്തോടെ പ്രവർത്തിക്കുന്നു' (സദൃശവാക്യങ്ങൾ 24 : 21) പരിഹാസി മനുഷ്യർക്കു വെറുപ്പാകുന്നു (സദൃശവാക്യങ്ങൾ 24: 9) എന്ന് ശലോമോൻ രാജാവ് എഴുതിയിരിക്കുന്നു. പരിഹാസവും നിന്ദയുമെല്ലാം ഉത്ഭവിക്കുന്നത് നിഗളമെന്ന ഒരു വേരിൽനിന്നു തന്നെയാണ്.

ശാപവും നിന്ദയും അപമാനവും ദൂഷണവുമെല്ലാം നിഗളിയുടെ വായിൽനിന്ന് നരകവിഷംപോലെ ഉയർന്നുവരുന്നു. സ്വർഗജീവിതം ആഗ്രഹിക്കുന്നവരെല്ലാം പരിഹാസത്തിന്റെ ആത്മാവിൽ നിന്നു അകൽച്ച പാലിക്കുന്നവരായിരിക്കണം. പരിഹാസരൂപേണയാണ് നിഗളം പ്രകടിപ്പിക്കപ്പെടുക എന്നു നാം മനസിലാക്കണം. എങ്കിൽ മാത്രമേ അതിന്റെ അടിസ്ഥാന കാരണം തിരിച്ചറിഞ്ഞ് അതിൽ നിന്നു രക്ഷ നേടുവാൻ നമുക്കു സാധിക്കുകയുള്ളൂ. പരീശന്മാർ യേശുവിനു എതിരെ തിരിയാൻ ഇടയായതിന്റെ പ്രധാന കാരണം അവരുടെ പരിഹാസ സ്വഭാവമായിരുന്നു. ദൈവത്തിന്റെ പരിശുദ്ധനെ ആക്രമിക്കുവാൻ പൊതുവെ ദുർബലരായിരുന്ന അവർ ഉപയോഗിച്ചിരുന്ന മാർഗം പരിഹാസത്തിന്റേതായിരുന്നു. നാമും ഇതേ മാർഗമല്ലേ നമ്മെ എതിർക്കുന്നവർക്ക് നേരെയും പ്രയോഗിക്കുന്നത്.

ചിലരോടു നമുക്ക് അസൂയയോ വിദ്വേഷമോ തോന്നുന്ന സന്ദർഭങ്ങളിൽ നാം അവരുടെമേൽ പരിഹാസം വർഷിക്കുന്നു. വ്യംഗ്യരൂപത്തിലുള്ള ഒരു പരാമർശം മതിയാകും മറ്റൊരാളുടെ സൽപ്പേര് ചീത്തയാക്കാൻ. നമ്മുടെ സൽപ്പേര് ജീവനെക്കാൾ പ്രധാനമാണെന്നു നമുക്കറിയാം. ക്രൂരമായ പരിഹാസം, നിന്ദ, ആക്ഷേപം എന്നിവ ഒരുവനെ വധിക്കുന്നതിനു തുല്യമായതിനാൽ ഒരു ആത്മീയൻ നിശ്ചയമായും അതിൽനിന്നു പിന്മാറിയേ മതിയാവൂ. കാരണം പരിഹസിക്കപ്പെടുന്നവരുടെ ഹൃദയത്തിൽ ആഴമായ മുറിവാണ് അതുണ്ടാക്കുന്നത്.

നമ്മുടെ പരിഹാസവാക്കുകൾ മറ്റുള്ളവർക്ക് എത്രമാത്രം നാശം വരുത്തിയിട്ടുണ്ടെന്ന് ചിന്തിക്കുക. തന്മൂലം മറ്റുള്ളവർ പേറുന്ന ക്ഷതങ്ങളും വടുക്കളും എത്ര വലുതാണെന്ന് ഓർത്തു നോക്കുക. നിന്ദയും പരിഹാസവും പൈശാചികമാണ്. സാത്താന്റെ ഹിതപ്രകാരം ജീവിക്കുന്നവരുടെ അടയാളവുമാണത്. പരിഹാസത്തിൽ നാം തുടരുന്നപക്ഷം സാത്താന്റെ പിടിയിൽ നാം അമർന്നുപോകുകയും ന്യായവിധി നമ്മെ പിന്തുടരുകയും ചെയ്യും. എന്തു വില കൊടുക്കേണ്ടി വന്നാലും പരിഹാസശീലത്തിൽ നിന്നു നാം മോചനം പ്രാപിച്ചേ മതിയാകൂ. എങ്ങനെയാണ് അതു സാധിക്കുക?

പ്രഥമവും പ്രധാനവുമായ കാര്യം നീചവും നിന്ദ്യവും ഗൂഢവുമായ ഈ തന്ത്രം നരകത്തിൽനിന്ന് ഉത്ഭവിച്ചതാണെന്നു നമ്മെ ബോദ്ധ്യപ്പെടുത്തുക. തികച്ചും നിരുപദ്രവകരമായ ഒന്നാണിതെന്ന് നമ്മെ ബോദ്ധ്യപ്പെടുത്താനുള്ള പിശാചിന്റെ ശ്രമത്തെ പരാജയപ്പെടുത്തുക. മുൾക്കിരീടധാരിയായ യേശുവിനെ ധ്യാനിക്കുന്നത് പ്രയോജനകരമായിരിക്കും. നമ്മുടെ പരിഹാസസ്വഭാവം യേശുകർത്താവിനെ എത്രമാത്രം വേദനിപ്പിക്കുമെന്ന് ചിന്തിക്കുക. പ്രാണത്യാഗത്തോളം ഈ പൈശാചിക സ്വഭാവത്തിനെതിരെ പോരാടുക.

പലപ്പോഴും നമ്മുടെ അസൂയയോ പകയോ കയ്പുചിന്തകളോ ആയിരിക്കാം മറ്റുള്ളവരെ പരിഹസിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുക. നമ്മുടെ വ്യംഗ്യാർത്ഥ പ്രയോഗങ്ങൾ പ്രതികാരത്തിന്റെ ആയുധങ്ങൾ ആയേക്കാം. പ്രതിയോഗിയുടെ മുഖത്തുനോക്കി കാര്യങ്ങൾ തുറന്നുപറയാൻ നമുക്കു കഴിയാതെ പോകുന്നു. അതിനാൽ അവർക്കെതിരെ നാം പരിഹാസത്തിന്റെ ഖഡ്ഗം ഉപയോഗിക്കുന്നു. അതിലൂടെ നമ്മുടെ ഹൃദയത്തിൽ ഒളിഞ്ഞു കിടക്കുന്ന ദുഷ്ടതയുടെ തായ്‌വേര് പിശാച് പുറത്തുകൊണ്ടു വരുന്നു. ഇതാണ് വാസ്തവത്തിൽ സംഭവിക്കുന്നത്.

പരിഹാസവും നിന്ദയും ആക്ഷേപവും ഇല്ലാത്ത സ്വർഗരാജ്യത്തിലേക്ക് നമ്മെ എത്തിക്കാനാണ് യേശുകർത്താവ് മനുഷ്യജന്മമെടുത്തത്. പിശാചിന്റെ പ്രവൃത്തികളെ അഴിക്കുവാൻ തന്നേ

ശേഷം പേജ് 20 ▶



രാജു അത്താണിക്കൽ

# ലാക്കിലേക്കു ഓടുക

**അ**ങ്ങനെതന്നെ മാനസാന്തരംകൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പത് നീതിമാന്മാരെക്കുറിച്ചുള്ളതിനെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗത്തിൽ അധികം സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു. അല്ല, ഒരു സ്ത്രീക്കു പത്തു ദ്രഹ്മ ഉണ്ട് എന്നിരിക്കട്ടെ; ഒരു ദ്രഹ്മ കാണാതെ പോയാൽ അവൾ വിളക്കു കത്തിച്ചു വീട് അടിച്ചുവാരി അതു കണ്ടുകിട്ടുംവരെ സൂക്ഷ്മത്തോടെ അന്വേഷിക്കാതിരിക്കുമോ? കണ്ടുകിട്ടിയാൽ സ്നേഹിതമാരെയും അയൽക്കാരത്തികളെയും വിളിച്ചുകൂട്ടി: കാണാതെപോയ ദ്രഹ്മ കണ്ടുകിട്ടിയതുകൊണ്ട് എന്നോടുകൂടെ സന്തോഷിപ്പിൻ എന്നു പറയും. അങ്ങനെതന്നെ മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ചു ദൈവദൂതന്മാരുടെ മധ്യേ സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു (ലൂക്കോസ് 15: 7 - 10).

യഥാർത്ഥ മാനസാന്തരത്തിലൂടെ ഒരു പാപി അനുതപിച്ചു, പശ്ചാത്തപിച്ചു സ്വർഗ്ഗീയപിതാവിങ്കലേക്കു മടങ്ങി വരുമ്പോൾ സംഭവിക്കുന്നത് വലിയ ഒരനുഭവമാണ്. സ്വർഗ്ഗം സന്തോഷിക്കുന്ന ഒരു പാപിയുടെ മടങ്ങിവരവിന്റെ അനുഭവമാണ് നമ്മുടെ വാഴ്ത്തപ്പെട്ട മശിഹാ തമ്പുരാൻ മേലുദ്ധരിച്ച വാക്യങ്ങളിലൂടെ സൂചിപ്പിച്ചിരിക്കുന്നത്. ഒരു സ്ത്രീക്ക് 10 ദ്രഹ്മ ഉണ്ടായിരുന്നു, അതിൽ ഒരു ദ്രഹ്മ നഷ്ടപ്പെട്ടു പോയി. അവൾ അന്വേഷിച്ചു, വിളക്ക് കത്തിച്ചു മുറി മുഴുവനും അടിച്ചു വാരി വളരെ സൂക്ഷ്മതയോടെ തിരഞ്ഞു. ഒടുവിൽ നഷ്ടമായത് സൂക്ഷ്മപരിശോധനയിൽ കണ്ടുകിട്ടിയപ്പോൾ അവളുടെ സന്തോഷത്തിനു അതിരുകളില്ലായിരുന്നു. അതിൽ പങ്കു ചേരുവാൻ തന്റെ സ്നേഹിതരെയും അയൽക്കാരെയും വിളിച്ചുകൂട്ടി സന്തോഷിച്ചു. ഇപ്രകാരം മാനസാന്തരപ്പെട്ട് മടങ്ങി വരുന്ന ഒരു പാപിയെക്കുറിച്ചു സ്വർഗ്ഗത്തിലും അളവറ്റ സന്തോഷമാണുണ്ടാകുന്നത്.

ദ്രഹ്മ എന്ന വാക്ക് നമ്മുടെ ഇടയിൽ അത്ര സുപരിചിതമല്ല. ഇംഗ്ലീഷ് ബൈബിളിലിതിനു വെള്ളിനാണയം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 10 വെള്ളിനാണയങ്ങൾ ഇടകലർത്തി ചേർത്തുണ്ടാക്കിയ ഒരു മാല. ചില ഗോത്രവർഗ്ഗ സംസ്കാരമനുസരിച്ച് വിവാഹ സമയമാകുമ്പോൾ വധുവിനു വരന്റെ ഭാഗത്ത് നിന്ന് 10 ദ്രഹ്മ ഉള്ളതായ ഒരു മാല നൽകാറുണ്ട്. വിവാഹിതയാണ് എന്ന ഒരു സൂചന കൂടിയാണ് ഈ മാല. ഇന്ത്യയിൽ വിവാഹിതയായ സ്ത്രീ താലിമാല ഉപയോഗിക്കുന്നതുപോലെ. വെള്ളിനാണയം അഥവാ ദ്രഹ്മ നഷ്ടമായ സ്ത്രീയുടെ പരിഭ്രമത്തിന്റെ കാരണം, ഒരു ദ്രഹ്മ നഷ്ടപ്പെട്ടാൽ തന്റെ ഭർത്താവിന് എന്തോ അപകടം സംഭവിക്കുമെന്നും, കുടുംബത്തിൽ അസ്വസ്ഥത ഉണ്ടാകും എന്നുമുള്ള വിശ്വാസം അവരുടെ

ഇടയിലുണ്ടായിരുന്നതു കൊണ്ടാണ്. കൂടാതെ യഹൂദ മതത്തിന്റെ വീക്ഷണമനുസരിച്ച് 10 ദ്രഹ്മ എന്നത് 10 കൽപ്പനയെന്നും പറയപ്പെടുന്നു.

വെളിപ്പാട് പുസ്തകം രണ്ടാം അധ്യായം 2, 3 വാക്യങ്ങളിൽ എഫേസോസ് സഭയുടെ ദൂതന് സന്ദേശം എഴുതുമ്പോൾ അവരുടെ ഒമ്പത് സൽ പ്രവർത്തികളെക്കുറിച്ചും, തുടർന്ന് ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കുറ്റവും വിവരിച്ചിട്ടുണ്ട്. പലപ്പോഴും നമ്മുടെ നല്ല കാര്യങ്ങളെക്കുറിച്ച് ഓർക്കുവാനും പറയുവാനുമാണ് നാമും താല്പര്യപ്പെടാറുള്ളത്. സ്വർഗ്ഗം സന്തോഷിക്കണമെങ്കിൽ നമ്മിലുള്ള കുറവുകളെ കണ്ടുപിടിച്ച് യഥാസ്ഥാനപ്പെടേണ്ടതു അനിവാര്യമാണ്. ദ്രഹ്മ നഷ്ടമായ സ്ത്രീക്ക് അത് കണ്ടുപിടിക്കേണ്ടതിന് വിളക്ക് കത്തിച്ചു, മുറി അടിച്ചുവാരി പരിശോധിക്കേണ്ടി വന്നു. നമ്മുടെയും ജീവിതത്തിൽ വിളക്ക് കത്തിച്ചു പരിശോധിക്കുമ്പോഴാണ് മറഞ്ഞു കിടക്കുന്ന കുറവുകൾ പലതും കാണുവാൻ വെളിച്ചം വീശുന്നത്.

**ഒന്നാമതായി** ദൈവവചനം കാലിന് ദീപവും പാതയ്ക്ക് പ്രകാശവും ആകുന്നു( സങ്കീർത്തനങ്ങൾ 119: 105) ഭക്തന്റെ ജീവിതത്തിൽ വീഴ്ച്ചയായി എന്ത് സംഭവിച്ചാലും അതിന്റെയും പിന്നിൽ ഒരു ദൈവിക ഉദ്ദേശ്യം ഉണ്ടായിരിക്കാം. മുമ്പോട്ടുള്ള യാത്ര വിജയകരമായി തുടരേണ്ടതിനു അത് പരിഹരിക്കേണ്ടതുമാണ്. വ്യക്തിജീവിതങ്ങളെ നേർവീഥിയിലേയ്ക്ക് നയിക്കേണ്ടതിന് നിയമങ്ങളും ലക്ഷ്യവും അത്യന്താപേക്ഷിതമാണ്. ക്രിസ്തു ക്രൂശിൽ വെച്ചു കണ്ട സന്തതിയായി നാം രൂപാന്തരപ്പെടണമെങ്കിൽ തിരുവചനം അടിസ്ഥാനമാക്കി നമ്മുടെ ജീവിതം നയിക്കണം.

**രണ്ടാമതായി** മന:സാക്ഷി ഒരു വിളക്കാണ്. മനുഷ്യന്റെ ആത്മാവ് യഹോവയുടെ ദീപം എന്ന് തിരുവെഴുത്തിൽ കാണുന്നു (സദൃശ്യവാക്യം 20 :27). അത് ഹൃദയവിചാരങ്ങളെയും അന്തരേന്ദ്രിയങ്ങളെയുമൊക്കെ ശോധന ചെയ്യുന്നു. ആയതിനാൽ ദൈവസന്നിധിയിൽ നിൽക്കുമ്പോൾ മനസ്സാക്ഷി നമുക്കെതിരെ വിരൽ ചൂണ്ടുകയോ, നമ്മുടെ ഹൃദയ വിചാരങ്ങൾ നമ്മെ കുറ്റം വിധിക്കുകയോ ചെയ്യാതിരിക്കേണ്ടതിന് ആ ദീപത്തിന്റെ പ്രകാശത്തിൽ നഷ്ടപ്പെട്ടുപോയതിനെ അന്വേഷിച്ച് കണ്ടെത്തേണ്ടതാണ്. നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല!

**മൂന്നാമതായി** കുഞ്ഞാട് പുതിയ യെരുശലേമിന്റെ വിളക്ക് ആകുന്നു എന്ന് വെളിപ്പാട് 21 :23 ൽ

**മാനവകുലത്തിന് വെളിച്ചമേകണമേയെന്ന പ്രാർത്ഥനയുടെ മറുപടിയെന്നോണം കരുണയുള്ള കർത്താവ് കൃപായുഗത്തിൽ നമുക്കായി ഇത്ര വലിയ രക്ഷയെ ഒരുക്കി വെച്ചിരുന്നു.**

എഴുതിയിരിക്കുന്നു. അവിടെ സൂര്യനോ ചന്ദ്രനോ ഒന്നും തന്നെ പ്രകാശിക്കുന്നില്ല. ഈ സത്യവെളിച്ചം ആകുന്ന മശിഹാതമ്പുരാൻ 2000 ത്തിൽ പരം വർഷങ്ങൾക്കു മുമ്പ് ബേത്‌ലഹേമിൽ മനുഷ്യജന്മമെടുത്തു. യേശു തന്റെ പരസ്യ ശുശ്രൂഷാവേളയിൽ ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു, എന്നിൽ വിശ്വസിക്കുന്നവൻ ജീവന്റെ വെളിച്ചത്തിൽ വസിക്കും എന്ന് അരുളിച്ചെയ്തു (യോഹന്നാൻ 8:12). ലോകത്തിന്റെ വെളിച്ചമാകുന്ന ക്രിസ്തു നമ്മിലൂടെ പ്രതിഫലിച്ചു പാപാന്ധകാരത്തിൽ അലഞ്ഞുഴലുന്നവരെ ഈ ദിവ്യപ്രഭയിലേക്കു നടത്തണം എന്നുള്ളതാണ് നമ്മെക്കുറിച്ചുള്ള ദൈവോദ്ദേശ്യം.

സത്യാന്വേഷികളായ പ്രാചീന ഭാരതീയ മുനിവര്യന്മാർ ഈ സത്യവെളിച്ചം കാണുവാൻ ആഗ്രഹിച്ചിരുന്നതായി ഉപനിഷത്തുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'തമസോമജ്യോതിർ ഗമയ, മൃത്യോർമ അമൃതംഗമയ'. അതായത് അന്ധകാരത്തിൽനിന്ന് വെളിച്ചത്തിലേക്കും മർത്യമായ അവസ്ഥയിൽ നിന്ന് അമർത്യത്തിലേക്കും നടത്തേണമേ എന്നർത്ഥം!

മാനവകുലത്തിന് വെളിച്ചമേകണമേയെന്ന പ്രാർത്ഥനയുടെ മറുപടിയെന്നോണം കരുണയുള്ള കർത്താവ് കൃപായുഗത്തിൽ നമുക്കായി ഇത്ര വലിയ രക്ഷയെ ഒരുക്കി വെച്ചിരുന്നു. ആയതിനാൽ ക്രിസ്തുവിൻ തേജസിന്റെ പ്രകാശത്തിൽ നമുക്ക് നഷ്ടമായതൊക്കെയും നമ്മുടെ ഈ മോക്ഷയാത്രയിൽ തിരികെ പ്രാപിക്കണം. ഇഹലോകത്തിൽ നമുക്ക് ലാഭമായേക്കാവുന്നതൊക്കെയും ചപ്പെന്നും ചവറെന്നും എണ്ണുവാനും കൃപയാൽ നമുക്ക് സാധിക്കണം. അങ്ങനെ ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളയുടെ വിരുതി നായി ലക്ഷ്യത്തിലേക്ക് ഓടുവാനും ലാക്കിലെത്തുവാനും സർവ്വകൃപാലുവായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ●


# പ്രവചനങ്ങളിലെ ക്രിസ്തു

**ക**ർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ളതാണ് സുവിശേഷം, എന്നുമാത്രമല്ല പ്രവാചകന്മാർ മുഖാന്തരം മുൻകൂട്ടി വാഗ്ദത്തം ചെയ്തതുമാണ്. ഉല്പത്തി പുസ്തകം മൂന്നാം അദ്ധ്യായം പതിനഞ്ചാം വാക്യത്തിൽ ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും, അവൻ നിന്റെ തല തകർക്കും, നീ അവന്റെ കുതികാൽ തകർക്കും എന്നെഴുതിയിരിക്കുന്നു. ഇതാണ് കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് ദൈവവചനത്തിൽ ആദ്യമായി കാണുന്ന പ്രവചനം. സ്ത്രീയുടെ സന്തതിയായി യേശു ജനിക്കും എന്നു വ്യംഗ്യം. ഗലാത്യ ലേഖനം നാലാം അധ്യായം നാലാം വാക്യത്തിൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി... എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ആ പ്രവചനത്തിന്റെ നിവർത്തി ആണ് കർത്താവായ യേശുക്രിസ്തുവിന്റെ ജനനത്തിൽ സംഭവിച്ചത്.

ഉല്പത്തി പുസ്തകം പതിമൂന്നാം അദ്ധ്യായം മൂന്നാം വാക്യത്തിൽ: നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും, നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും, നിന്നിൽ ഭൂമിയിലുള്ള സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും എന്ന് അബ്രഹാമിനോട് ദൈവം അരുളിച്ചെയ്തിരുന്നു. ഇത് യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനമാണ്. സകല ജാതികൾക്കും അനുഗ്രഹമായിത്തീരുന്നതിന് അബ്രഹാമിന്റെ സന്തതിയിൽ കൂടി യേശുകർത്താവ് ജനിക്കും എന്നുള്ള സ്വർഗ്ഗത്തിലെ പ്രഖ്യാപനമാണ് ഈ വാക്യത്തിൽ കാണുന്നത്. മത്തായി സുവിശേഷം ഒന്നാം അദ്ധ്യായം ഒന്നാം വാക്യത്തിൽ അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതാണ് അബ്രഹാമിനോട് ദൈവം വാഗ്ദത്തം ചെയ്ത, യേശുക്രിസ്തുവിൽ നിവർത്തിയായ മറ്റൊരു പ്രവചനം. ഉൽപ്പത്തി പുസ്തകം 49 ാം അധ്യായം 10 ാം വാക്യത്തിൽ അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യഹൂദ്യയിൽ നിന്നും രാജദണ്ഡു അവന്റെ പാദങ്ങളുടെ ഇടയിൽ നിന്നും നീങ്ങി പോവുകയില്ല എന്ന് പറഞ്ഞിട്ടുണ്ട്. അതായത് സകലത്തിന്റെയും അവകാശിയായി യഹൂദാഗോത്രത്തിൽ നിന്ന് യേശു അവതരിക്കും എന്നായിരുന്നു ആ പ്രവചനം. യെശയ്യാപ്രവചനം ഒൻപതാം അദ്ധ്യായം ഏഴാം വാകത്തിൽ: ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നുമുതൽ എന്നന്നേക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കുടി സ്ഥാപിച്ചു നിലനിർത്തും എന്ന് പറഞ്ഞിട്ടുണ്ട്. യേശു, ദാവീദിന്റെ സിംഹാസനത്തിന് അവകാശിയായിത്തീരും എന്നുള്ള പ്രവചനമാണ് നമുക്കിവിടെ കാണുവാൻ കഴിയുന്നത്. അങ്ങനെ തിരുവെഴുത്തിൽ എത്രയോ പ്രവചനങ്ങൾ യേശുക്രിസ്തുവിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു.

യേശു ബേത്‌ലഹേമിൽ ജനിക്കും എന്നുള്ള പ്രവചനം മീഖാപ്രവാചകനാണ് പ്രവചിച്ചതു. നീയോ ബേത്‌ലഹേം എഫ്രാത്തയെ നീ യഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിനു അധിപതി ആയിരിക്കേണ്ടവൻ എനിക്ക് നിന്നിൽ നിന്നിൽ നിന്ന് ഉത്ഭവിച്ച് വരും. അവന്റെ ഉത്ഭവം പണ്ടേ ഉള്ളതും പുരാതനമായതും തന്നെ എന്ന് പറഞ്ഞിരിക്കുന്നു. യേശു കന്യകയിൽ നിന്ന് ജനിക്കും എന്ന്, ഏഴാം അധ്യായം പതിനാലാം വാക്യത്തിൽ യെശയ്യാ പ്രവാചകൻ പ്രവചിച്ചിരുന്നു. അതുകൊണ്ട് കർത്താവു തന്നെ നിങ്ങൾക്കു ഒരു അടയാളം തരും. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും, എന്നു വച്ചാൽ, പുരുഷന് ഒരു പങ്കും ഇല്ലാതെ, ഒരു കന്യകയിൽ വചനം ജഡമായിത്തീരും എന്നർത്ഥം. അവന് ഇമ്മാനുവേൽ എന്ന് പേർ വിളിക്കും. യേശുക്രിസ്തുവിന്റെ ജനനത്തിങ്കൽ രാജാവ് ഒരുപാട് ശിശുക്കളെ സംഹരിക്കും എന്നതിനെക്കുറിച്ചുള്ള പ്രവചനം യിരമ്യാ പ്രവാചകന്റെ പുസ്തകത്തിൽ കാണുന്നു. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: രാമയിൽ ഒരു ശബ്ദം കേൾക്കുന്നു, വിലാപവും കഠിനമായുള്ള കരച്ചിലും തന്നെ, റാഹേൽ തന്റെ മക്കളെ ചൊല്ലി കരയുന്നു. ശിശുക്കൾ കൊല്ലപ്പെട്ടതിനാൽ ആശ്വാസം കൈക്കൊള്ളുവാൻ അവൾക്ക് മനസ്സില്ലായിരുന്നു. യേശു ജനിക്കുമ്പോൾ ഹെരോദാവ് സകല ശിശുക്കളെയും കൊല്ലും എന്നുള്ള കാര്യം മുൻകൂട്ടി പ്രവാചകന്മാർ പറഞ്ഞിരുന്നു. യേശുവിനെ മിസ്രയീമിൽ നിന്നും വിളിച്ചുവരുത്തും എന്ന പ്രവചനവും കാണുവാൻ കഴിയുന്നു. ഇങ്ങനെ പ്രവാചകന്മാർ മുൻകൂട്ടി പ്രവചിച്ച അത്ഭുതവിഷയമാണ് കർത്താവായ യേശുക്രിസ്തു. അതായത് ജനനത്തിനു മുമ്പ് തന്നെ ചരിത്രം എഴുതപ്പെട്ട ഏക മഹത്വ്യക്തിയാണ് കർത്താവായ യേശുക്രിസ്തു. •





ഡോ. സജികുമാർ കെ. പി.

# ദൈവം തരുന്ന ആത്മവിശ്വാസം

ഇന്ന് അനവധി കൗമാരക്കാർ ആഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ് തങ്ങൾക്കു മറ്റുള്ളവരെ അഭിമുഖീകരിക്കുവാൻ ആത്മവിശ്വാസം പോര എന്ന മനോഭാവം. സ്വയം വിമർശിച്ചും കുറ്റപ്പെടുത്തിയും പൊതുവേ സന്തോഷം ചോർത്തിക്കളയുന്ന അനാരോഗ്യകരമായ താരതമ്യങ്ങൾ അനവധി കുട്ടികളെ നിരാശയിലേക്ക് ആഴ്ത്തിക്കളയാറുണ്ട്.

നാം നമ്മെത്തന്നെ എങ്ങനെ വിലയിരുത്തുന്നു എന്നതിനനുസരിച്ചാണ് മറ്റുള്ള വരോട് ഇടപഴകുമ്പോൾ നാം സന്തോഷമുള്ളവരാണോ, അതോ ദു:ഖിതരാണോ എന്നു വിലയിരുത്തപ്പെടുന്നത്. വളരെ ചെറുപ്പത്തിൽ നാം വളർന്ന സാഹചര്യങ്ങളും മാതാപിതാക്കളിൽ നിന്ന് കണ്ടും കേട്ടും പഠിച്ച ധാരണകളുടെയെല്ലാം അടിസ്ഥാന ത്തിൽ ആത്മവിശ്വാസം രൂപപ്പെടും. വളരെ കഴിവുകളും താലന്തുകളും ഉണ്ടെങ്കിൽപ്പോലും ആത്മവിശ്വാസം ഇല്ലെങ്കിൽ അവയൊന്നും നന്നായി പ്രയോജ നപ്പെടുത്തുവാൻ കഴിയുകയില്ല. അതേസമയം ഇങ്ങനെയുള്ളവർക്കു അംഗീകാരത്തി നും അഭിനന്ദനങ്ങൾക്കും കൊതിയുമുണ്ടായിരിക്കും. ഇവ ലഭിച്ചില്ലെങ്കിൽ ഞാൻ ഒ ന്നിനും കൊള്ളാത്ത ആളാണെന്ന് സ്വയം വിലയിരുത്തും. കളിയാക്കുന്നവരുടെ മുമ്പിൽ പിടിച്ചു നിൽക്കുവാൻ ഇവർക്ക് സാധിക്കുകയില്ല. എന്തിന്റെയും നെഗറ്റീവ് വശം ആ യിരിക്കും ആദ്യം കാണുക. സ്വന്തം കഴിവുകളെയും നേട്ടങ്ങളെയും സ്വയം അംഗീക രിക്കില്ലെന്ന് മാത്രമല്ല, തങ്ങളേക്കാൾ കഴിവും മിടുക്കും കൂടുതൽ ഉള്ളവരോട് സ്വ യം താരതമ്യപ്പെടുത്തി ഇക്കൂട്ടർ വളരെ വിഷമിക്കാറുമുണ്ട്.

ഒട്ടും സ്വാതന്ത്ര്യം ലഭിക്കാതെ വളർത്തപ്പെട്ടവർ, എപ്പോഴും വിമർശനങ്ങൾ മാത്രം കേട്ട് വളർന്നവർ, പരസ്പരം എപ്പോഴും വഴക്കുണ്ടാക്കുന്ന മാതാപിതാക്കളുടെ മക്കൾ, ഭയത്തിലും ആശങ്കയിലും ജീവിക്കേണ്ടി വന്നവർ, മദ്യത്തിനും മയക്കുമരുന്നിനും അ ടിമകളായിരുന്ന മാതാപിതാക്കളുടെ മക്കൾ എന്നിവരിലെല്ലാം ആത്മവിശ്വാസത്തിന്റെ പ്രശ്നങ്ങൾ കാണപ്പെടുവാൻ സാധ്യത കൂടുതലാണ്.

**നിങ്ങളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും മുകളിൽ എഴുതിയിരിക്കുന്ന പ്രശ്നങ്ങളെ അതിജീവിക്കുവാനും എന്തു ചെയ്യണം എന്ന് നോക്കാം:**

**1.** ആദ്യമായി ആത്മവിശ്വാസക്കുറവ് മൂലം നിങ്ങൾ അഭിമുഖീകരിച്ചു കൊണ്ടിരി ക്കുന്ന പ്രശ്നങ്ങളുടെ ഒരു പട്ടിക ഉണ്ടാക്കുക. അത്തരം സാഹചര്യങ്ങളിൽ നിങ്ങ ളുടെ മനസ്സിനോട് നിങ്ങൾ പറഞ്ഞുകൊണ്ടിരുന്ന സന്ദേശം എന്താണെന്ന് കണ്ടുപിടി ക്കുക. ഉദാഹരണമായി എന്നെ ആരും അംഗീകരിക്കില്ല, ഞാൻ ഒട്ടും സൗന്ദര്യം

ഇല്ലാത്ത ആളാണ്, ആളുകൾക്കെല്ലാം എന്നോട് വെറുപ്പാണ് എന്നിങ്ങനെയുള്ള സന്ദേശങ്ങളായിരിക്കാം മനസ്സിൽ കയറിവന്നു മേൽപ്പറഞ്ഞ പ്രശ്നങ്ങൾ ഉണ്ടാക്കിയത്.

**2.** ആത്മവിശ്വാസം വളർത്തിയെടുക്കാൻ തീർച്ചയായും ആത്മവിശ്വാസം കെടുത്തുന്ന തെറ്റായ നിഗമനങ്ങളെ അതിജീവിച്ചേ മതിയാവൂ. അതിനുവേണ്ടി മേൽപ്പറഞ്ഞ ഓരോ തെറ്റായ നിഗമനങ്ങളെയും നിങ്ങൾ കീഴടക്കണം. അതിനായി സ്വയമായ ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കുക. എന്നെ ആരും അംഗീകരിക്കില്ല എന്നു മനസ്സിൽ കയറിവരുന്ന ചിന്തയെ നേരിടുക. എന്നെ ആർക്കെങ്കിലും ഒക്കെ ഇഷ്ടം ആയിരിക്കും എന്ന ചിന്തയാൽ ആ ചിന്തയെ സ്വയം തിരുത്തുക. സർവോപരി എന്റെ ദൈവം എന്നെ മറ്റാരിലും അധികമായി സ്നേഹിക്കുന്നു എന്ന ബോധ്യം മനസിൽ രൂഢമൂലമാക്കുക.

**3.** നെഗറ്റീവ് വശം മാത്രം ചിന്തിക്കാനും ആകുലപ്പെടാനും മാത്രം ശീലിച്ച ആളായിരിക്കും നിങ്ങൾ. ഇങ്ങനെയാണ് ആത്മവിശ്വാസം ഇല്ലാതെ പോകുന്നതും. ഇതിന് ഒരു മാറ്റം കൊണ്ടുവരിക. അതായത് നിങ്ങളുടെ കഴിവുകൾ, താലന്തുകൾ എന്നിവയുടെ ഒരു ലിസ്റ്റ് അത്യാവശ്യമായി ഉണ്ടാക്കുക. എന്നും കാണാവുന്ന വിധത്തിൽ അതിനെ എവിടെയെങ്കിലും ഒട്ടിച്ചു വയ്ക്കുകയും ശബ്ദത്തിൽ വായിക്കുകയും ചെയ്യുക .

**4.** അപരിചിതരോട് സംസാരിക്കാൻ ഒട്ടും കഴിയുന്നില്ല എന്ന സ്വഭാവം മാറ്റിയെടുക്കാൻ ചിട്ടയായ ഒരു പരിശീലനം രൂപപ്പെടുത്തുക. ഓരോ ദിവസവും പരിചയമില്ലാത്ത ഒരു വ്യക്തിയോട് എങ്കിലും മന:പ്പൂർവം സംസാരിക്കുവാൻ പരിശീലിക്കുക. അങ്ങനെ പടിപടിയായി അപരിചിതരോടുള്ള ഭയം മാറ്റിയെടുക്കുക.

**5.** ദൈവത്തിൽ ആശ്രയിക്കുവാൻ ശീലിക്കുക. നമ്മുടെ ബലഹീനതകൾ അറിഞ്ഞ് നമ്മോട് കൂടെ ഇരിക്കുവാനും ചേർത്ത് പിടിക്കുവാനും യേശുകർത്താവ് അരികിൽ ഉണ്ട് എന്ന് മനസ്സിലാക്കുക. അതിന് ദിനംപ്രതി പ്രാർത്ഥനയും വചനധ്യാനവും ആവശ്യമാണ്. തിരുവെഴുത്തു പറയുന്നത് അസാധ്യമൊന്നുമില്ലാത്തവനായ ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് എന്നാണ്. എന്നുവച്ചാൽ ഒന്നിനും കൊള്ളാത്തവരായി ആരെയും ദൈവം സൃഷ്ടിച്ചിട്ടില്ല എന്നർത്ഥം. മനുഷ്യർ നിരൂപിക്കുന്നതൊന്നും അവർക്കു അസാധ്യമാവുകയില്ല എന്ന് ദൈവം പറയുന്നതും നമ്മിൽ ആത്മവിശ്വാസം പകരുവാൻ പര്യാപ്തമായ വചനങ്ങളാണ്. എനിക്ക് പ്രാപ്തിയില്ല എന്ന ചിന്ത ദൈവാശ്രയത്തിലേക്കു നമ്മെ നയിക്കുവാൻ ഇടയാകണം.

**നമ്മെ സഹായിക്കാനും നമ്മുടെ കൈപിടിക്കാനും മുന്നിൽ നിന്ന് നയിക്കുവാനും ദൈവം കൂടെയുണ്ട് എന്ന് നാം മറക്കരുത്. നമ്മുടെ അസാധ്യങ്ങളെ ദൈവത്തിന്റെ കരങ്ങളിലേക്ക് സമർപ്പിച്ച് സധൈര്യം ജീവിതത്തെ നേരിടുവാൻ നമുക്ക് കഴിയണം.**

ദൈവപുരുഷനായ മോശെയെ ദൈവം ഹൊരേബിൽ വെച്ച് വിളിക്കുമ്പോൾ തനിക്ക് ദൈവം വെച്ചുനീട്ടിയ ശ്രേഷ്ഠമായ ദൗത്യം സ്വീകരിക്കുവാൻ ആത്മവിശ്വാസം ഇല്ലായിരുന്നു. അവിടെ ദൈവം ചെയ്തത് ഞാൻ നിന്നോട് കൂടെ ഇരിക്കും എന്ന വാഗ്ദാനം നൽകുകയും അതോടൊപ്പം ദൈവത്തിന്റെ അത്ഭുതപ്രവർത്തികളുടെ നേർക്കാഴ്ച നൽകുകയും ആയിരുന്നു

ചൂരച്ചെടിയുടെ തണലിൽ നിരാശ ബാധിച്ചു കിടന്നുറങ്ങിയ ഏലിയാ പ്രവാചകനെ ദൈവം ദൂതനെ അയച്ചു ബലപ്പെടുത്തുകയായിരുന്നു. നമ്മെ സഹായിക്കാനും നമ്മുടെ കൈപിടിക്കാനും മുന്നിൽ നിന്ന് നയിക്കുവാനും ദൈവം കൂടെയുണ്ട് എന്ന് നാം മറക്കരുത്. നമ്മുടെ അസാധ്യങ്ങളെ ദൈവത്തിന്റെ കരങ്ങളിലേക്ക് സമർപ്പിച്ച് സധൈര്യം ജീവിതത്തെ നേരിടുവാൻ നമുക്ക് കഴിയണം.

കൂടെക്കൂടെ ദൈവവചനം നൽകുന്ന അനുഗ്രഹീതമായ ആലോചനകൾ ബൈബിൾ വാക്യങ്ങളിലൂടെ നമ്മുടെ ഹൃദയത്തിൽ നിറയട്ടെ. പ്രാർത്ഥനയിൽ നമ്മുടെ ഭാരങ്ങളൊക്കെ ദൈവസന്നിധിയിൽ ഇറക്കിവയ്ക്കുവാൻ ഇടയാകട്ടെ. അതിനുശേഷം ദൈവം നമ്മോട് സംസാരിക്കുന്ന വചനത്തിന്റെ ശബ്ദം ശ്രദ്ധിച്ചു കേൾക്കുവാനും, അത് ഹൃദയത്തിൽ സംഗ്രഹിക്കുവാനും ശ്രമിക്കുക. അങ്ങനെ നല്ല ആത്മവിശ്വാസം നിറഞ്ഞ മനസ്സ് രൂപപ്പെടുത്തുവാൻ കർത്താവ് നമുക്ക് ഇടവരുത്തട്ടെ. ●



ജെസ്സി സാജു



# സോദോം ഗൊമോറായെ ഓർക്കുമ്പോൾ

നാം ജീവിക്കുന്ന സാഹചര്യങ്ങളെയും കാലത്തെയും വിവേചിക്കുക എന്നത് ഒരു ദൈവപൈതലിന്റെ ഒഴിച്ചുകൂടാനാവാത്ത ഉത്തരവാദിത്തമാണ്. 'ഇത് ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിക്കുക. (എഫേസ്സ്യർ 5:16). ഇത് ദുഷ്ക്കാലമാണ്! 'ഈ വക്രതയുള്ള തലമുറയിൽ നിന്ന് രക്ഷിക്കപ്പെടുവിൻ (അപ്പോസ്തലപ്രവർത്തികൾ 2: 40). ഇത് വക്രതയുള്ള തലമുറയാണ്! ഇങ്ങനെയുള്ള ദുഷ്ക്കാലത്തിലും തലമുറയിലും നമ്മുടെ ഉത്തരവാദിത്വവും സഭയുടെ ഉത്തരവാദിത്വവും വളരെ വലുതാണ്. ഈ തലമുറയുടെ പോക്ക് കണ്ടിട്ട് മനസിൽ ഒരു ചെറിയ വേദന പോലും നമുക്ക് ഉണ്ടാകുന്നില്ലെങ്കിൽ നാം ഒരു ആത്മപരിശോധന നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അങ്ങനെയൊരു വേദനയും അവരെക്കുറിച്ചു ഭാരവും തോന്നുന്നില്ലെങ്കിൽ നാം തീർച്ചയായും ദൈവീകപാതയിൽ നിന്ന് വളരെ അകലെയാണ്. ദൈവകൃപയിലേക്കു വേഗം മടങ്ങിവരാൻ, ഈ തലമുറയുടെ വേദന ഏറ്റെടുക്കാൻ, ദൈവത്തിന്റെ ഭാരം നമ്മുടെയും ഭാരമായിത്തീരേണ്ടതിന് പ്രാർത്ഥിക്കാം....

ഈ തലമുറയെ ആരോട് അല്ലെങ്കിൽ എന്തിനോട് ഉപമിക്കണമെന്ന് ചോദിച്ചാൽ സോദോമിനോടും ഗൊമോറായോടും എന്നല്ലാതെ എന്ത് പറയുവാനാണ്? ഉല്പത്തി പുസ്തകം 19 ാം അധ്യായം വായിച്ചാൽ സോദോമിലെ അന്നത്തെ ജനങ്ങളുടെ പാപാവസ്ഥ എന്താണെന്ന് നമുക്ക് മനസ്സിലാകും. അതിനേക്കാളും എത്രയോ വഷളാണ് ഇന്നത്തെ അവസ്ഥ. കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ അടയാളമായി ലൂക്കോസ് 17: 28 ൽ വിവരിക്കുന്നത് 'ലോത്തിന്റെ കാലത്ത് സംഭവിച്ചത് പോലെയും തന്നെ: അവർ തിന്നും കുടിച്ചും കൊണ്ട്, വിറ്റും നട്ടും പണിതും പോന്നു. 17: 29 ൽ എന്നാൽ ലോത്ത് സോദോം വിട്ട നാളിൽ ആകാശത്തു നിന്ന് തീയും ഗന്ധകവും പെയ്ത് എല്ലാവരെയും മുടിച്ചു കളഞ്ഞു. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവ്വണ്ണം തന്നെ ആകും (ലൂക്കോസ്17: 30.)

ഇന്നും നല്ല പങ്കാളുകളും തിന്നുവാനും കുടിക്കുവാനും, നടുവാനും പണിയുവാനും, വാങ്ങുവാനും വിൽക്കുവാനും ഇങ്ങനെ ഭൗതികമായ കാര്യങ്ങൾക്ക് വേണ്ടിയാണ് സമയത്തിന്റെ മുഖ്യപങ്കും ഉപയോഗിക്കുന്നത്. സോദോമിലെ ജനങ്ങൾക്ക് ദൈവഭയം ഇല്ലായിരുന്നു എന്നതാണ് ഏറ്റവും വലിയ പ്രത്യേകത. രഹസ്യമായി പോലും ചെയ്യാൻ മടിക്കുന്ന കാര്യങ്ങൾ പരസ്യമായി ചെയ്യാൻ യാതൊരു കൂസലും സങ്കോചവുമില്ലാത്ത ഒരു തലമുറയാണ് അവിടെ ഉണ്ടായി

രുന്നത്. നമ്മുടെ മുമ്പിൽ നാം കണ്ടുകൊണ്ടിരിക്കുന്നതും ഇതൊക്കെ തന്നെയാണ്. മാതാപിതാക്കളെയോ ഗുരുക്കന്മാരെയോ സഭാശുശ്രൂഷകരെയോ പോലും ഭയമോ ബഹുമാനമോ ഇല്ലാത്ത ഒരു തലമുറ! ദൈവവചനത്തെ പിറകിൽ എറിഞ്ഞു കളഞ്ഞു എന്ന് ശമുവേൽ പ്രവാചകന്റെ പുസ്തകത്തിൽ പറയുന്നതുപോലെ തന്നെ ഉള്ള കാലം.

കഴിഞ്ഞദിവസം ഞാനൊരു പെന്തക്കോസ്തുകാരനായ മകനോടു ചോദിച്ചു: നീ ബൈബിൾ വായിക്കുന്നുണ്ടോ? ഉടൻ അവൻ ഉത്തരം പറഞ്ഞു 'ഇല്ല', പിന്നെ ഞാൻ ചോദിച്ചു, നിന്റെ ഫോണിൽ ബൈബിൾ ഡൗൺലോഡ് ചെയ്തിട്ടുണ്ടോ എന്ന്. അപ്പോഴും 'ഇല്ല' എന്ന് ഉത്തരം പറഞ്ഞു. നീ അവസാനമായി എന്നാണ് ബൈബിൾ വായിച്ചത് എന്ന് ചോദിച്ചതിന് അവൻ എനിക്ക് അത് ഓർമ്മയില്ല എന്നാണ് പറഞ്ഞത്. ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു വളർന്ന നമ്മുടെ യുവാക്കളുടെ അവസ്ഥ ഇതാണെങ്കിൽ, ഒരിക്കലും യേശുവിനെ കേട്ടിട്ടില്ലാത്തവരുടെ അവസ്ഥ എത്ര ഭീകരമാണ്. നാടും വീടും വിട്ട് പഠനത്തിനും ഉദ്യോഗത്തിനും പോകുന്ന ക്രിസ്തീയ തലമുറയെപ്പറ്റി വലിയ ആത്മഭാരവും വേദനയും നമുക്ക് ഉണ്ടാകണം. എല്ലാ കുട്ടികളും അങ്ങനെ ആകണം എന്നില്ല. വളരെ വിശുദ്ധിയോടും വേർപാടോടും ദൈവഭയത്തോടും ജീവിക്കുന്ന അനേകർ ഉണ്ടെന്ന് വിസ്മരിക്കുന്നില്ല.

സോഷ്യൽ മീഡിയയും മൊബൈൽ ഫോണും ഇന്റർനെറ്റ് ഉപയോഗവും കമ്പ്യൂട്ടറും ഇതെല്ലാം നല്ലതാണെങ്കിലും വിവേചനത്തോടെ ഉപയോഗിച്ചില്ലെങ്കിൽ നാം അതിന്റെ അടിമകളായിത്തീരും എന്നും, അത് നാശത്തിലേക്കു എത്തിക്കും എന്നുള്ളതിനും ഒട്ടും സംശയമില്ല. ലോക്ഡൗൺ കാലത്ത് കൊച്ചുകുട്ടികൾക്ക് പോലും സ്മാർട്ട്ഫോൺ വാങ്ങിക്കൊടുക്കേണ്ട ഗതികേട് മാതാപിതാക്കൾക്ക് ഉണ്ടായി. അത് അവർക്ക് വലിയ വിനയായിത്തീർന്നു എന്നത് വളരെ ഖേദകരമായി ഓർപ്പിക്കുകയാണ്.

മദ്യം, മയക്കുമരുന്ന്, പുകവലി, എന്നിത്യാദി സാത്താന്യമായ ആസക്തിക്ക് അടിമകളാണ് അനവധി കുട്ടികളും! പണ്ട് നമ്മൾ കഞ്ചാവ് എന്നും മയക്കുമരുന്നെന്നും ഒക്കെ പറഞ്ഞിരുന്ന പലതും ഇന്ന് പല പേരിലാണ് അറിയപ്പെടുന്നത്. ഹോമിയോഗുളിക പോലെ വെളുത്തഗുളിക കുട്ടികൾ കഴിക്കുമ്പോൾ അത് പനിക്കോ തലവേദനയ്ക്കോ ആണെന്ന് നാം തെറ്റിദ്ധരിച്ചെങ്കിൽ

**സോഷ്യൽ മീഡിയയും മൊബൈൽ ഫോണും ഇന്റർനെറ്റ് ഉപയോഗവും കമ്പ്യൂട്ടറും ഇതെല്ലാം നല്ലതാണെങ്കിലും വിവേചനത്തോടെ ഉപയോഗിച്ചില്ലെങ്കിൽ നാം അതിന്റെ അടിമകളായിത്തീരും എന്നും, അത് നാശത്തിലേക്കു എത്തിക്കും എന്നുള്ളതിനും ഒട്ടും സംശയമില്ല.**

അത് നമ്മുടെ അബദ്ധമാണ്. ഗുരുതരമായ മയക്കുമരുന്നുകൾ മിഠായി പോലെയും, നാക്കിൽ ഉരച്ചു കൊടുക്കുന്ന ഗം പോലെയും, ഒട്ടിച്ചു കൊടുക്കുന്ന സ്റ്റിക്കർ പോലെയും ഒക്കെയാണ് ഇക്കാലത്തു ഉപയോഗിക്കപ്പെട്ടു കൊണ്ടിരിക്കുന്നത്. വഞ്ചിക്കപ്പെട്ടു പോകുന്ന ഈ തലമുറയെ ഓർത്ത് നമുക്ക് നിരന്തരം പ്രാർത്ഥിക്കാം. ഒപ്പം ബോധവൽക്കരണവും നടത്താം.


മറ്റൊരു വലിയ പാപമാണ് ലിവിങ് ടുഗതർ. വിവാഹം കഴിക്കാത്തവർ ഭാര്യാഭർത്താക്കന്മാരെ പോലെ ഒന്നിച്ചു ജീവിക്കുക. ഇത് അനുവദിച്ചു കൊടുക്കുന്ന നിയമസംവിധാനവും അങ്ങനെയുള്ള ഒരു ഒരു സമൂഹവും. ഇതൊക്കെ ഹൈ സ്റ്റാറ്റസ് ആണെന്ന് ഇവർ കരുതുന്നു. മറ്റൊന്നാണ് സ്വവർഗ്ഗരതിയും സ്വവർഗ്ഗവിവാഹവും. സ്ത്രീ സ്ത്രീയെയും പുരുഷൻ പുരുഷനെയും വിവാഹം ചെയ്യുന്ന അവസ്ഥ. സോദോമിന്റെ മറ്റൊരു പകർപ്പ്! യാതൊരു കേട്ടു കേൾവി പോലും ഇല്ലാത്ത മറ്റൊരു പാപമാണ് ഭാര്യ, ഭർത്താവിനെയും ഭർത്താവ്, ഭാര്യയെയും വെച്ചുമാറുന്ന ദുഷിച്ച സംസ്കാരം. ഇതൊന്നും ഒരു പാപമല്ല, ഇതൊക്കെ ഞങ്ങളുടെ രാജ്യത്തിന്റെ സംസ്കാരമാണ് എന്നാണ് ഇവരുടെ അവകാശവാദം.

എന്നാൽ ദൈവവചനം പറയുന്നത് ലേവ്യ 18:2 ൽ 'നീ ഇസ്രായേൽ മക്കളോട് പറയേണ്ടത് എന്തെന്നാൽ: ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു. നിങ്ങൾ പാർത്തിരുന്ന മിസ്രയീമിലെ നടപ്പ് പോലെ നിങ്ങൾ നടക്കരുത്. ഞാൻ നിങ്ങളെ കൊണ്ടുപോകുന്ന കനാൻ ദേശത്തിലെ നടപ്പ് പോലെയും അരുത്. അവരുടെ മര്യാദ

ആചരിക്കരുത്. എന്റെ വിധികളെ അനുസരിച്ച് എന്റെ ചട്ടങ്ങളെ പ്രമാണിച്ച് നടക്കേണം, ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു. ആകയാൽ എന്റെ ചട്ടങ്ങളും ന്യായങ്ങളും നിങ്ങൾ പ്രമാണിക്കണം. അവയെ ചെയ്യുന്ന മനുഷ്യൻ അവയാൽ ജീവിക്കും. ഞാൻ യഹോവ ആകുന്നു.' ഇവിടെ വ്യക്തമായി ദൈവവചനം ഓർപ്പിക്കുന്നത് മിസ്രയീമിലെ നടപ്പും വേണ്ട, നിങ്ങൾ ചെന്നു വസിക്കുന്ന കനാൻ ദേശത്തിലെ നടപ്പും വേണ്ട. മറിച്ച് ദൈവം ആഗ്രഹിക്കുന്നത്, ദൈവം നൽകിയ കൽപ്പന അനുസരിച്ച് ജീവിക്കുക എന്നതാണ്. അത് ലോകത്തെവിടെയായാലും.

രാജ്യത്തിന്റെ സംസ്കാരവും നിയമവും, പാപം ചെയ്യാനുള്ള മറയായി കണ്ടുകൊണ്ട്, അതനുസരിക്കുന്നത് ദൈവവചനത്തിന് വിരുദ്ധമാണ്. ബാബേൽ രാജ്യത്ത് ഒരു നിയമം ഉണ്ടായിരുന്നു. അവരുടേതായ ഒരു സംസ്കാരം ഉണ്ടായിരുന്നു. എന്നാൽ ജീവൻ പോകേണ്ടിവന്നാലും അതിനെതിരായി ദൈവവചനത്തിന്റെ പ്രമാണത്തിനു വേണ്ടി നിൽക്കും എന്ന് ഉറച്ച തീരുമാനവുമായി ദാനിയേലും തന്റെ മൂന്ന് സുഹൃത്തുക്കളും ധൈര്യത്തോടെ നിന്നത്, അവരുടെ ഭവനത്തിൽ നിന്നും പഠിച്ചതും അവർക്ക് ലഭിച്ചതും അനുസരിച്ച് വളർന്ന അവർ അത് മന:പ്പാഠമാക്കുകയും അനുസരിച്ച് ജീവിക്കാൻ ഉത്സാഹിക്കുകയും ചെയ്തതുകൊണ്ടാണ് (ആവർത്തനം 6: 19). അതുകൊണ്ടു തന്നെ ദൈവഭയത്തിൽ മക്കളെ വളർത്തുവാൻ നമുക്ക് ഉത്സാഹിക്കാം. ഇന്റർനെറ്റും ഫോണുമൊക്കെ നന്മയ്ക്കോ തിന്മയ്ക്കോ എന്ന വിവേചനത്തോടെ ആയിരിക്കട്ടെ ഉപയോഗം. നമ്മുടെ വീട്ടിലെ എല്ലാ ഉപകരണങ്ങളും യഹോവയ്ക്ക് വിശുദ്ധമായി മാറട്ടെ. എന്തു ചെയ്താലും ദൈവം കാണുന്നു എന്ന ഒരു ബോധ്യമാണ് ദൈവഭയം. നമ്മുടെ വീടിന്റെ ഉള്ളറയിൽ പോലും ദൈവം ഉണ്ടെന്ന ഒരു വിചാരം നമുക്കുണ്ടെങ്കിൽ നമ്മുടെ വീട്ടുപകരണങ്ങളും ഫോണും കമ്പ്യൂട്ടറും ഫ്രിഡ്ജും ഡൈനിങ് ടേബിളും ബെഡ്റൂമും എല്ലാം യഹോവയ്ക്ക് വിശുദ്ധമായി മാറും.

ഈ തലമുറയെക്കുറിച്ച് ദൈവസഭയ്ക്കും ഒരുത്തരവാദിത്തം ഉണ്ടാകണം. പ്രസംഗങ്ങളുടെ ശൈലികൾക്ക് മാറ്റം ഉണ്ടാകണം. യുവാക്കളെ കേന്ദ്രീകരിച്ചും അവരെ പങ്കെടുപ്പിച്ചും പ്രോത്സാഹിപ്പിച്ചും അവരിൽ കുറവുകളുണ്ടെങ്കിലും അവരെ ചേർത്ത് നിറുത്തി ഇടവിടാതെ നമ്മുടെ സ്നേഹവും കരുതലും അവർക്കു പകർന്നു കൊടുക്കണം. നമ്മുടെ ജീവിതമാതൃകയാൽ സ്വാധീനിക്കപ്പെട്ടിട്ടു അവർ യേശുവിങ്കലേക്ക് അടുക്കുവാൻ കാരണമായിത്തീരണം. പാപത്തിന്റെ പട്ടികകൾ എണ്ണിയെണ്ണി പറഞ്ഞ്, അതിന്റെ ഭവിഷ്യത്തുകൾ ഊന്നിപ്പറഞ്ഞ്, അതിന്മേൽ ജയം തരുന്ന ക്രിസ്തുവിനെക്കുറിച്ചും ദൈവകൃപയെക്കുറിച്ചും പ്രബോധിപ്പിച്ചു അവരെ ക്രിസ്തുവിങ്കലേക്ക്, അവിടുത്തെ ദിവ്യസ്വഭാവത്തിലേക്ക് നയിക്കുന്ന പ്രസംഗങ്ങൾ നമ്മുടെ സ്റ്റേജുകളിൽ നിന്നുമുയരട്ടെ. ജഡത്തിന്റെ ഫലവും ആത്മാവിന്റെ ഫലവും വേർതിരിച്ചറിയുവാൻ നമ്മുടെ തലമുറയ്ക്ക് ഇടയാകട്ടെ. നമ്മുടെ പ്രതീക്ഷകൾ ഫലവത്താകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ●



ജെ.പി.പാലത്തിങ്കൽ

# മാഞ്ഞു പോമൊരു കിനാവു പോൽ..!?

***ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും നിമിത്തം തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും (മർക്കോസ് 8:35).***

**ക**ഴിഞ്ഞ ദിവസം ഞങ്ങളുടെ അയൽവാസി (പാപ്പിച്ചായൻ -75) മരിച്ചു. പാലിയേറ്റീവ് യൂണിറ്റ് കൊണ്ടുവരാറുള്ള ഓക്സിജൻ സിലണ്ടറിൽ നില നിന്ന ജീവിതമായിരുന്നതിനാൽ പാപ്പിച്ചായന്റെ മരണം ഏതാണ്ടെല്ലാവരും ആഗ്രഹിച്ചിരുന്നത് പോലെ തോന്നി. തന്റെ ഭാര്യയായ അമ്മിണിയമ്മാമ്മ തികച്ചും കർത്താവിൽ ആശ്രയിക്കുന്ന സ്ത്രീയായതിനാൽ ജീവിതം മുൻപോട്ട് പോകുക തന്നെ ചെയ്യും മരണം വരെ. പാപ്പിച്ചായന് ആശാരിപ്പണിയായിരുന്നു തൊഴിൽ. രണ്ട് പെൺമക്കൾ, അവരെ കെട്ടിച്ചയച്ചു. ദാനം കിട്ടിയ നാലര സെന്റിൽ പഞ്ചായത്ത് വെച്ചു കൊടുത്ത വീടിന്റെ പണികളെല്ലാം ബാക്കി കിടക്കുന്നു. താൻ യേശുവിനെ ഹൃദയത്തിൽ സ്വീകരിച്ചിരുന്നതിനാൽ തന്റെ ആത്മാവിന്റെ നിത്യത യേശുവിനോടൊപ്പം എന്ന് ദൈവമക്കളും പാസ്റ്റർമാരും പറഞ്ഞു. രാവിലെ 8:10 ന് മരിച്ചു, വൈകുന്നേരം 4 മണിയോടെ ശ്മശാനത്തിൽ നിന്നെല്ലാവരും തിരിച്ചെത്തി. അൽപ്പനാൾ കഴിയുമ്പോൾ പാപ്പിച്ചായനെ ഞങ്ങളെല്ലാം മറന്ന് പോകും. പാപ്പിച്ചായനോടൊപ്പം അമ്മിണിയമ്മാമ്മയും മക്കളുംപോയില്ല. താൻ ഒന്നും കൊണ്ട് പോകാതെ, തന്നെയാണ് പോയത്, തികച്ചും വെറും കയ്യോടെ പോയി.

മുകളിൽ വായിച്ച ദൈവവചനത്തിന്റെ പച്ച മലയാളം ഇങ്ങനെ മനസിലാക്കാം. ആരെങ്കിലും തന്റെ ഈ ലോകജീവിതത്തിന് ലേശം പോലും കുഴപ്പമുണ്ടാകരുതെന്നാഗ്രഹിച്ച് അതിനെ വല്ലാതെ പരിപോഷിപ്പിക്കാൻ (രക്ഷിക്കാൻ) ശ്രമിച്ചാൽ അത് അവർ തന്നെ കളഞ്ഞ് കുളിക്കും; ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും നിമിത്തം ഈ ലോകജീവിതത്തെ ഗണ്യമാക്കാതിരുന്നാൽ (കളഞ്ഞാൽ) അതിനെ അവർ വാസ്തവമായും മാക്സിമം പ്രയോജനപ്പെടുത്തും (രക്ഷിക്കും.) (മർക്കോസ് 8:35).

**2 ചെറിയ ചോദ്യങ്ങൾ ഇത്തരുണത്തിൽ നമ്മോട് തന്നെ ചോദിക്കാം.....**

*(1) നാം ഓരോരുത്തരും നമ്മുടെ ഇന്നുവരെയുള്ള ജീവിതം ആർക്ക് വേണ്ടിയാണ്/എന്തിന് വേണ്ടിയാണ് ചിലവഴിച്ചത്?* ജീവിതപങ്കാളിക്ക് വേണ്ടിയോ? മക്കൾക്ക്, സഹോദരങ്ങൾക്ക്, മാതാപിതാക്കൾക്ക് വേണ്ടിയോ? ജോലിക്ക്, സംഘടനക്ക്, നാട്ടുകാർക്ക്, രാജ്യത്തിന് വേണ്ടിയോ? അതോ ധനസമ്പാദനത്തിനു വേണ്ടിയോ? ആർക്ക് വേണ്ടി ജീവിച്ചാലും അവരാരും ശാരീരികമരണത്തിന് ശേഷം നമ്മോടൊപ്പം വരില്ല. എന്തിന് വേണ്ടി ജീവിച്ചാലും അവയൊന്നും നമുക്ക് കൊണ്ടു പോകാനുമാവില്ല. പാപ്പിച്ചായൻ പോയത് പോലെ നാമെല്ലാം തനിയേ, വെറും കയ്യോടെ പോകേണ്ടിവരും, തീർച്ച.....

*(2) ബാക്കിയുള്ള ജീവിതം ആർക്ക് വേണ്ടി/എന്തിന് വേണ്ടി ചിലവഴിക്കും?* ഇതൊരു വല്ലാത്ത ചോദ്യം തന്നെയാണ്. തികച്ചും വിഷമിപ്പിക്കുന്ന ചോദ്യം....! ജീവിതമാർഗം വിട്ടെറിഞ്ഞ് കർത്താവിന്റെ നിർദ്ദേശപ്രകാരം (പത്രോസിനെപ്പോലെ) ഇരുട്ടിലായിരുന്ന മനുഷ്യരെ പിടിക്കാനിറങ്ങിയ ചിലരെ ഇതെഴുതുന്ന ആൾ നേരിട്ടറിയുന്നു. അവരെ

ശേഷം പേജ് 23 ▶

# വിതയുടെ കാലം

**ബെഞ്ചമിൻ വർഗീസ്**

സുവിശേഷവേലയുടെ വ്യാപ്തിക്കായി ഗുണ്ടർട്ടും കുടുംബവും ഇല്ലിക്കുന്നിലെ ബംഗ്ലാവ് വിട്ട് തലശേരി പട്ടണത്തിലേയ്ക്ക് താമസം മാറ്റിയ കാര്യം മുമ്പ് കണ്ടിരുന്നുവല്ലോ. തദ്ദേശീയരുമായും ബ്രിട്ടീഷ് ഭരണാധികാരികളുമായും അടുത്തിടപഴകുവാൻ ഈ തീരുമാനം മൂലം ഗുണ്ടർട്ടിനായി. എന്നാൽ താമസംവിനാ ഗുണ്ടർട്ടിന് ഇല്ലിക്കുന്നിലേയ്ക്ക് മടങ്ങേണ്ടതായി വന്നു. പട്ടണത്തിലെ താമസം അദ്ദേഹത്തിന്റെ ആരോഗ്യത്തെ ബാധിക്കുകയും അദ്ദേഹം ശ്വാസകോശസംബന്ധമായി രോഗബാധിതനായിത്തീരുകയും ചെയ്തു. ഇതേത്തുടർന്ന് പട്ടണത്തിൽ നിന്നും മടങ്ങി ഇല്ലിക്കുന്നിലേയ്ക്ക് പോകുവാൻ ആ കുടുംബം തീരുമാനിച്ചു. അങ്ങനെ 1841 ഡിസംബർ 4 ൽ അവർ ഇല്ലിക്കുന്നിലേയ്ക്ക് തിരികെയെത്തി. ഏതായാലും ആ രണ്ടുവർഷത്തെ പട്ടണവാസം മൂലം ഗുണ്ടർട്ടിനെക്കുറിച്ചുള്ള കീർത്തി നാടെങ്ങും പരന്നു.

ഇക്കാലഘട്ടത്തിലാണ് ഗുണ്ടർട്ട് ഊരാച്ചേരി ഗുരുനാഥന്മാരുമായി പരിചയത്തിലാകുന്നത്. അവരിൽ മൂത്ത ആളായിരുന്ന കുഞ്ഞിക്കണ്ണൻ. കുഞ്ഞിക്കണ്ണൻ വൈദ്യർ ഗുണ്ടർട്ടുമായി വളരെയടുത്ത ആത്മബന്ധം പുലർത്തി. മലയാളത്തിലും, സംസ്കൃതത്തിലും, നാട്ടുവൈദ്യത്തിലും ആഴത്തിലുള്ള അറിവുണ്ടായിരുന്ന കുഞ്ഞിക്കണ്ണൻ വൈദ്യർ ആ അറിവുകൾ ഗുണ്ടർട്ടിനും പങ്കുവെച്ചു.

അവർണ സമുദായാംഗങ്ങൾക്ക് ഔപചാരിക വിദ്യാഭ്യാസം നേടാൻ യാതൊരു മാർഗവുമില്ലാതിരുന്ന അക്കാലത്ത് ഊരാച്ചേരി ഗുരുനാഥന്മാർക്ക് അതിശയകരമായി അതിനവസരമൊരുങ്ങി വന്നു. കേരളത്തിലെ പ്രശസ്തരായ സാമൂഹിക പരിഷ്ക്കർത്താക്കളുടെ കാലത്തിനു മുമ്പുതന്നെ അധികമാരും അറിയാത്ത ഒരു സാംസ്ക്കാരിക വിപ്ലവം തലശേരിക്കടുത്തുള്ള ചൊക്ലിയെന്ന ഗ്രാമത്തിൽ നടന്നിരുന്നു. കുഞ്ഞിക്കണ്ണൻ വൈദ്യർ ഒരു ബാലനായിരുന്ന കാലത്ത് അവിടുള്ള സവർണ കുട്ടികളെ പഠിപ്പിക്കാനെത്തിയ അദ്ധ്യാപകനായിരുന്നു വടേശ്വരത്ത് കുമാരൻ. കുഞ്ഞിക്കണ്ണന്റെ ഭാഷയിലുള്ള വ്യുല്പത്തിയും സാമർത്ഥ്യവും തിരിച്ചറിഞ്ഞ് അദ്ദേഹത്തിനും സഹോദരന്മാർക്കും വിദ്യ പകർന്നുകൊടുത്തു. അങ്ങനെ വിദ്യ നേടിയ അവർ പിന്നീട് ഊരാച്ചേരി ഗുരുനാഥന്മാർ എന്ന പേരിൽ പ്രശസ്തരാവുകയും ചെയ്തു.

ഗുണ്ടർട്ടിന് ലഭിക്കാവുന്നതിൽ വെച്ചേറ്റവും മികച്ച വ്യക്തികളെയാണ് അദ്ദേഹത്തിന് ഗുരുക്കന്മാരായി കിട്ടിയത്. ഗുണ്ടർട്ടെന്ന പണ്ഡിതശ്രേഷ്ഠനെ അഭ്യസിപ്പിക്കാൻ ഉതകുന്ന നിലയിലുള്ള പ്രാവീണ്യം അവർക്കുണ്ടായിരുന്നു. അതുകൊണ്ടു തന്നെ ഗുണ്ടർട്ടും അവരെ ഏറ്റവും ബഹുമാനിച്ചു പോന്നു. അവരുമായുള്ള സമ്പർക്കവും, അവരിൽനിന്നും സ്വായത്തമാക്കിയ അറിവുകളും പിൽക്കാലത്ത് മലയാളഭാഷയെ സമ്പുഷ്ടമാക്കിയ പല ഗ്രന്ഥങ്ങളുടെയും സൃഷ്ടിയിൽ ഗുണ്ടർട്ടിനെ സഹായിച്ചു. എന്തായാലും ഗുണ്ടർട്ടിന്റെ ജനനത്തിനു കാൽ നൂറ്റാണ്ട് മുമ്പുതന്നെ ദൈവം അദ്ദേഹത്തിനായി പാത നിരപ്പാക്കിയിരുന്നുവെന്ന് നമുക്ക് വിശ്വസിക്കാം.

ഇല്ലിക്കുന്നിലെത്തിയ ശേഷവും ഗുണ്ടർട്ട് സുവിശേഷപ്രവർത്തനങ്ങൾ തുടർന്നു. അഞ്ചരക്കണ്ടിയിലെ പ്രവർത്തനങ്ങൾക്ക് പുറമേ, കണ്ണൂരിലും മാഹിയിലും കോഴിക്കോട്ടും ഒക്കെ അദ്ദേഹം സന്ദർശിക്കുകയും സുവിശേഷം അറിയിക്കുകയും ചെയ്തു.

അതുകൂടാതെ നിരവധി സ്കൂളുകളും അനാഥാലയങ്ങളും അദ്ദേഹം ഇക്കാലയളവിൽ ആരംഭിച്ചു. ഇവയിൽ മിക്കതിന്റേയും പ്രവർത്തനം നല്ലനിലയിൽ നടന്നുപോരുകയും ചെയ്തു. വിദൂരസ്ഥലങ്ങളിൽ നിന്നുപോലും കുട്ടികൾ ഗുണ്ടർട്ടിന്റെ അനാഥാലയത്തിൽ എത്തിച്ചേർന്നു. ഗുണ്ടർട്ട് ആ കുട്ടികളെ വളരെ സ്നേഹിക്കുകയും അവരോടൊപ്പം സമയം ചെലവിടുകയും ചെയ്തു. വിദ്യാഭ്യാസത്തോടും, സുവിശേഷീകരണത്തോടുമൊപ്പം അവരെ പലതരം തൊഴിൽ പരിശീലിപ്പിക്കുന്നതിലും ആ കുടുംബം ഉത്സാഹം കാട്ടി. ജൂലിയയും പെൺ

കുട്ടികൾക്കായി ഒരു പരിശീലനകേന്ദ്രം തുടങ്ങി. തയ്യലും, ലേസ് നിർമാണവുമൊക്കെ അവിടെ പരിശീലിപ്പിച്ചു. ഇതിന്റെ ഫലമായി ഇവിടെ പഠിച്ച പെൺകുട്ടികൾ സ്വയം പര്യാപ്തത നേടുവാനിടയായി.

തന്റെ പ്രവർത്തനങ്ങളുടെ വ്യാപ്തിയും ആഴവും വർദ്ധിച്ചുവരുന്നത് മൂലം സുവിശേഷീകരണത്തിനുള്ള പ്രാധാന്യം കുറഞ്ഞുപോകാതിരിക്കാനായി ഗുണ്ടർട്ട് മംഗലാപുരത്തുനിന്നും സാമുവേൽ ഹേബിക്കിനെ ഏതാനും മാസത്തേയ്ക്ക് കണ്ണൂരിലെ സുവിശേഷവേലയ്ക്കായി ക്ഷണിച്ചു. ആ ക്ഷണം സ്വീകരിച്ച് 1841 ൽ കണ്ണൂരെത്തിയ ഹേബിക്കാകട്ടെ തുടർന്നുള്ള 20 വർഷങ്ങൾ അവിടെ തുടർന്നു. തന്മൂലം ഗുണ്ടർട്ടിന് കോഴിക്കോട്ടുള്ള വേലയിൽ കൂടുതൽ ശ്രദ്ധിക്കാനായി.

**ഗുണ്ടർട്ടിന്റെ ജനനത്തിനു കാൽ നൂറ്റാണ്ട് മുമ്പുതന്നെ ദൈവം അദ്ദേഹത്തിനായി പാത നിരപ്പാക്കിയിരുന്നുവെന്ന് വിശ്വസിക്കാം.**

ഗുണ്ടർട്ടിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വർഷങ്ങളായിരുന്നു തലശേരിയിലേത്. ഇടയ്ക്കൊരു വർഷത്തേയ്ക്ക് യൂറോപ്പിലേക്ക് പോയതൊഴിച്ചാൽ 1849 വരെ അദ്ദേഹം ഇവിടെ തുടരുകയും പിൽക്കാലത്ത് തന്നെ പ്രശസ്തനാക്കിയ പല ഉദ്യമങ്ങൾക്കും ആരംഭമിടുകയുമുണ്ടായി. ●

## ➤ 21 മാഞ്ഞു പോമൊരു കിനാവു പോൽ..!?


ബന്ധുജനങ്ങളും, ആത്മമിത്രങ്ങളും തെറ്റിദ്ധരിച്ചു. അവർക്ക് പിതൃസ്വത്തായിട്ടുണ്ടായിരുന്നത് കൂടി അവർ തട്ടിപ്പറിച്ചെടുത്തു.

ലോകത്തിന്റെ കണ്ണിൽ, എന്തിന്; അവരുടെ കൂട്ടുപ്രവർത്തകരുടെ കണ്ണിൽപ്പോലും അവരിന്നും ദരിദ്രനാരായണന്മാരാണ്. പക്ഷെ, ലോകപ്രകാരമുള്ള സമ്പന്നത തികച്ചും ദരിദ്രാവസ്ഥയാണെന്നും യഥാർത്ഥ സമ്പന്നർ വാസ്തവത്തിൽ തങ്ങളാണെന്നും അവരുടെ ജീവിതം കൊണ്ട് അവർ വിളിച്ചു പറയുന്നു. അവരുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസം കൊടുക്കാൻ കഴിഞ്ഞു. മക്കളുടെ വിവാഹങ്ങൾ നടത്തിക്കൊടുത്തു.. അനേകരുടെ ജീവിതത്തിൽ വെളിച്ചം പരത്താനിടയായി. അവരേക്കാൾ മിടുക്കന്മാരും മിടുക്കികളുമായ ശിഷ്യഗണത്തെ അവരുടെ ഗുരുവിന് വേണ്ടി വാർത്തെടുക്കാൻ കഴിഞ്ഞു. അവരുടെ ഗുരുവിനെപ്പോലെതന്നെ സ്വന്തമായൊന്നും ഈ ലോകത്തിൽ വാരിക്കൂട്ടാതെ ദൈവം ആഗ്രഹിക്കുന്ന സമ്പന്നത (1 തിമൊഥെയൊസ് 6:6) എന്തെന്ന് മനസിലായതിനാൽ അതിനായിട്ടവർ തങ്ങളുടെ ജീവിതത്തിന്റെ സിംഹഭാഗവും ചിലവഴിച്ചു. ഇപ്പോഴും അവരുടെ ജീവിതം കൊണ്ടവർ പൗലോസിന്റെ വാക്കുകൾ വിളിച്ചു പറഞ്ഞു കൊണ്ടേയിരിക്കുന്നു. ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല; ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല; ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല; വീണുകിടക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല; (2 കൊരിന്ത്യർ 4: 7 - 9). കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നതു താൽക്കാലികം, കാണാത്തതോ നിത്യം (2 കൊരിന്ത്യർ 4:18).

**നിങ്ങളിപ്പോൾ എവിടെയാണോ അവിടെ നിന്നുകൊണ്ട് പുതിയ തുടക്കം തുടങ്ങാൻ കഴിയും.**

അവർ പൗലോസിനെപ്പോലെ ഇങ്ങനെ പറയാനും ധൈര്യമുള്ളവരാണ്: 'ഞങ്ങളുടെ ഈ ഹ്രസ്വജീവിതം യേശുക്രിസ്തുവിന് വേണ്ടി മാത്രമുള്ളതാണ്. ഞങ്ങളുടെ ശാരീരികമരണമോ ഞങ്ങൾക്ക് ലാഭം മാത്രമായിരിക്കും' (ഫിലി.1 :21).

ഈയിടെ സി.എസ്. ലെവിസിന്റെ ഒരു ക്വട്ടേഷൻ വായിച്ചതോർക്കുന്നു. 'തിരിച്ചുപോയി ജീവിതത്തിന്റെ തുടക്കം പിന്നെയും തുടങ്ങാൻ നിങ്ങൾക്കാവില്ല, പക്ഷെ നിങ്ങളിപ്പോൾ എവിടെയാണോ അവിടെ നിന്നുകൊണ്ട് പുതിയ തുടക്കം തുടങ്ങാൻ കഴിയും'. ജീവിതാന്ത്യം അങ്ങനെ അർത്ഥപൂർണമാക്കാൻ നിങ്ങൾക്ക് കഴിയും. കാരണം യേശുകർത്താവ് മാത്രമേ നമ്മുടെ മരണത്തിന് ശേഷവും കൂടെ വരാമെന്ന് വാക്ക് പറഞ്ഞിട്ടുള്ളൂ. പക്ഷെ തീരുമാനം നിങ്ങളുടേത് മാത്രം. നിങ്ങളുടെ ജീവിതാവസാനത്തിങ്കൽ നിരാശപ്പെടാൻ ഇടവരാതിരിക്കട്ടെ.....! ●



ഡോ. സിനി ജോയ്സ് മാത്യു

# പാപമോചനത്തിന്റെ സാന്ത്വന സ്പർശമായി ...

**ജെ**യിംസ് ആദ്യമായി പങ്കെടുക്കുവാൻ പോകുന്ന ക്യാമ്പാണ്. മൂന്നുദിവസമാണ് ആ ക്യാമ്പ്. അത്ര ആഗ്രഹിച്ചതല്ല, ലോറൻസിന്റെ നിർബന്ധത്തിനു വഴങ്ങിയാണ് ആ ക്യാമ്പിന് പോകാൻ തീരുമാനിച്ചത്. പിന്നെ പെന്തക്കോസ്തുകാരായ ജോർജും സാമും വരുന്നുണ്ട്. വീട്ടിൽ വിളിച്ച് വിവരം പറഞ്ഞനുവാദം വാങ്ങി. റോണിയും ക്യാമ്പിന് വരുന്നെന്നു പറഞ്ഞപ്പോൾ ഉത്സാഹം വർദ്ധിച്ചു.

പാലക്കുന്ന് 200 കിലോമീറ്റർ അകലെയാണ്. ട്രെയിൻ ഇറങ്ങിക്കഴിഞ്ഞു വീണ്ടും ബസ് കയറി വേണം പോകുവാൻ... ബസ്സിറങ്ങി പാലക്കുന്നിലേക്കുള്ള കുത്തനെയുള്ള കയറ്റം നടന്നുകയറുമ്പോൾ കാലിൽ ചെറിയ വേദന തോന്നി. നേരത്തേയുണ്ടായ ആക്സിഡന്റിൽ വലത് കാലിന് നല്ല ചതവ് ഏറ്റിരുന്നു.

ജെയിംസ്: ബാഗ് നീ എടുക്കേണ്ട... റോണി അവന്റെ കയ്യിൽ നിന്ന് ബാഗ് വാങ്ങി കൂടെ നടന്നു.

പാലക്കുന്നിന്റെ പ്രകൃതിസൗന്ദര്യം ഏറെ വശ്യമാണ്. പച്ച പുതച്ച് കിടക്കുന്ന കുന്നുകളുടെ മധ്യത്തിൽ പാലക്കുന്ന് ഏറ്റവും ഉയർന്നുനിൽക്കുന്നു. മഞ്ഞിറങ്ങുന്ന കുന്നിൻ ചെരുവുകൾ... താഴ്വരകളിലെ പച്ചിലച്ചാർത്തുകൾ... പുൽമേടുകളിലെ സൂര്യരശ്മികൾ ഏറ്റുവാങ്ങി തിളങ്ങുന്ന മഞ്ഞുതുള്ളികൾ... കുന്നിൻ തലപ്പുകളെ തലോടി പോകുന്ന വെൺമേഘങ്ങൾ... മേഘങ്ങളുടെ ഘോഷയാത്രയിൽ അദൃശ്യമാകുന്ന ദൂരക്കാഴ്ചകൾ... അവയെല്ലാം ചേർന്ന് മനസ്സിൽ നിറയ്ക്കുന്ന മാസ്മരാനുഭൂതിക്ക് മീതെ മന്ദമായി വീശിയ ഈറൻ കുളിർകാറ്റിന്റെ അവാച്യ നിർവൃതിയിൽ ലയിച്ച ജയിംസ് ഏറെനേരം പുൽത്തകിടിയിലെ ചാരുബഞ്ചിൽ അലസമായി ഇരുന്നു.

ക്യാമ്പ് തുടങ്ങുകയായി. രജിസ്ട്രേഷൻ കഴിഞ്ഞ് ക്യാമ്പിന്റെ ബാഡ്ജ് ധരിച്ച് പുതിയ പേപ്പർഫോൾഡർ കയ്യിൽ പിടിച്ച് ഡോർമെറ്ററിയിൽ നിന്ന് ഇറങ്ങുമ്പോൾ ബൈബിളും കയ്യിലെടുക്കാൻ മറന്നില്ല. കൂടെ വന്ന പെന്തക്കോസ്തുകാരൻ സാം, പേപ്പർഫോൾഡർ മാത്രം മടക്കി കയ്യിൽ പിടിച്ചിരിക്കുന്നത് കണ്ട് ജെയിംസ് ചോദിച്ചു. സാമേ.. നീ ബൈബിൾ എടുത്തില്ലേ?

എന്റെ ജെയിംസ്... ബാഗിൽ ബൈബിളും ഡ്രസ്സും ക്യാൻവാസ്ഷൂസും ഒക്കെ വെച്ച് കഴിഞ്ഞപ്പോൾ ബാഗ് അടയ്ക്കാൻ ബുദ്ധിമുട്ടായി. പിന്നെ ബൈബിൾ അങ്ങ് എടുത്തു മാറ്റിവെച്ചു. കയ്യിൽ ബൈബിൾ ഇല്ലെങ്കിലും കുഴപ്പമില്ലെന്നേ... ആരെങ്കിലും ഒക്കെ വചനഭാഗങ്ങൾ വായിക്കുമല്ലോ, അതുമതി.

ജെയിംസ് ഉത്തരം ഒന്നും പറഞ്ഞില്ല പക്ഷേ അവൻ മനസ്സിൽ ചിന്തിച്ചു... ഭൗതികജീവിതത്തിലെ ദൈനംദിന ആവശ്യമായതൊന്നും മുടങ്ങുന്നത് ക്രിസ്ത്യാനിക്ക് ഇഷ്ടമില്ല. അതൊക്കെ അവന്റെ ജീവിതത്തിലെ വലിയ കാര്യങ്ങളാണ്. പിന്നെ ദൈവവും ദൈവവചനവും... അത്, എല്ലാം നിറച്ചു കഴിഞ്ഞു പിന്നെയും ഇടം ഉണ്ടെങ്കിൽ, സമയമുണ്ടെങ്കിൽ മാത്രം ചിന്തിക്കേണ്ട കാര്യമായി അവൻ കരുതുന്നു

യുവാക്കളെക്കൊണ്ട് നിറഞ്ഞ പാലക്കുന്ന് ഓഡിറ്റോറിയത്തിൽ ജെയിംസ് മുന്നിൽ തന്നെ ചെന്നിരുന്നു. പ്രസംഗപീഠത്തിൽ നിന്നും പ്രഘോഷിക്കപ്പെടുന്ന ശക്തമായ ദൈവവചനം കാതോർത്ത് കേട്ടു. ഹൃദയത്തിന്റെ അടച്ചിട്ടിരുന്ന അറകളുടെ വാതിലുകൾ പോലും മലർക്കെ തുറന്നു കൊണ്ട് ദൈവവചനങ്ങൾ തന്റെ ഉള്ളിലേക്ക് കൊല്ലന്റെ ആലയിലെ ശുദ്ധീകരിക്കുന്ന അഗ്നിപോലെ ശീൽക്കാരത്തോടെ പാഞ്ഞെത്തുന്നത് അവൻ അറിഞ്ഞു.

തന്റെ ജീവിതത്തിന്റെ കാഴ്ചപ്പാടുകൾ എല്ലാം പാടെ മാറ്റിമറിക്കുന്ന സന്ദേശങ്ങൾ ജെയിംസ് ക്യാമ്പിൽ കേട്ടു. കേൾക്കുന്ന പ്രബോധനങ്ങളും പ്രസംഗങ്ങളും ബൈബിളിൽ പറഞ്ഞിരിക്കുന്ന ദൈവവചനവുമായി ഒത്തുപോകുന്നു എന്നവന് ബോധ്യമായി.

ക്യാമ്പിന്റെ അവസാനത്തെ രാത്രിയാണ്. പ്രസംഗിക്കുവാൻ നിൽക്കുന്നതു മധ്യവയസ്കനായ ഒരു പ്രൊഫസർ. കറുത്തു തടിച്ച, ഉയരം കുറഞ്ഞ മനുഷ്യൻ... പ്രസംഗം ആരംഭിച്ചു... യോഹന്നാന്റെ സുവിശേഷം മൂന്നാം അധ്യായം പതിനാറാം വാക്യമാണ് വായിച്ചത്. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം ക്രിസ്തുവിനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. അദ്ദേഹം പ്രസംഗം തുടർന്നു...

ദൈവസ്നേഹത്തിന്റെ വലിപ്പം എത്രയെന്ന് അറിയാമോ? അതിന് കാൽവറിക്രൂശിലെ യാഗത്തിന്റെ വലിപ്പമാണ്. നാടുവാഴിയുടെ അരമന മുതൽ കാൽവറിയുടെ കൊലക്കളം വരെ തന്റെ ഏകജാതൻ അതിഘോരമായ പീഡനങ്ങളാൽ തകർക്കപ്പെടുമ്പോൾ... പ്രിയ സഹോദരാ... ദൈവസ്നേഹത്തിന്റെ മാറ്റുരയ്ക്കപ്പെടുകയായിരുന്നു. റോമൻ പടയാളികളുടെ ഓരോ ചാട്ടവാർ അടിയിലും തന്റെ ഓമനമകന്റെ ശരീരത്തിൽ നിന്ന് മാംസം ചിതറിത്തെറിക്കുമ്പോൾ... നിന്റെ ജീവിതം ചിന്നി ചിതറി പോകാതിരിക്കാൻ പിതാവ് ആ മാംസ നുറുക്കുകളെല്ലാം എണ്ണി വയ്ക്കുകയായിരുന്നു ... മുൾമുടി തന്റെ പ്രിയപുത്രന്റെ ശിരസ്സിൽ ആഞ്ഞടിച്ചുറപ്പിക്കുമ്പോൾ... നിന്റെ വന്യമായ ചിന്തകളുടെ കറകൾ അവിടുന്ന് തുടച്ച് മാറ്റുകയായിരുന്നു. മരക്കുരിശിൽ കരങ്ങൾ വശങ്ങളിലേക്ക് പടയാളികൾ വലിച്ചുനീട്ടി, നീണ്ടുകൂർത്ത കാരിരുമ്പാണികൾ ദൈവപുത്രന്റെ ഉള്ളംകരങ്ങളിലേക്ക് ആഞ്ഞടിക്കുമ്പോൾ... നിനക്ക് നിത്യജീവൻ നൽകുവാനുള്ള സ്വർഗ്ഗീയ ഉടമ്പടി പിതാവ് തന്നെ തന്റെ കരങ്ങളാലെഴുതി വയ്ക്കുകയായിരുന്നു...

ആകാശത്തിനും ഭൂമിക്കും മധ്യേ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ, ചരിത്രത്തെ രണ്ടായി തിരിച്ചു കൊണ്ട് ചരിത്രത്തിന്റെ മദ്ധ്യേ, രണ്ടു കള്ളന്മാരുടെ മദ്ധ്യേ... മൂന്നാണികളിൽ ക്ഷതവും പീഡനങ്ങളും ഏറ്റ സ്വർഗീയ രാജകുമാരന്റെ ശരീരത്തിൽ നിന്ന് ആത്മാവ് വേർപെടുമ്പോൾ, എലോഹിം...എലോഹിം...ലമ്മാ...ശബക്താനി, നീ എന്നെ കൈവിട്ടത് എന്ത് എന്ന് നിലവിളിച്ച് പ്രാണനെ വിടുമ്പോൾ... സ്വന്തപുത്രന്റെ ശബ്ദം സ്വർഗീയനായ പിതാവ് കേൾക്കാതിരുന്നത് തന്റെ ഓമനമകന്റെ ജീവനേക്കാളവിടുന്ന് നിന്നെ സ്നേഹിക്കുന്നു എന്ന അളവുകളിലൊതുങ്ങാത്ത ദൈവസ്നേഹത്തിന്റെ വലിപ്പം നിന്നെ ബോധ്യപ്പെടുത്തേണ്ടതിനായിരുന്നു.

അതെ, സ്വന്തപുത്രന്റെ ജീവനേക്കാൾ മനുഷ്യകുലത്തെ സ്നേഹിച്ച പിതാവിന്റെ സ്നേഹത്തിന്റെ പ്രദർശനമാണ് കാൽവറി മലമുകളിൽ കാണുന്ന ആ ക്രൂശിതരൂപം. ജെയിംസിന്റെ ഹൃദയത്തിൽ ആയിരം തിരമാലകൾ ഒന്നിച്ചുയർന്നു... അങ്ങ് ദൂരെ ഇരുൾ പരക്കുന്ന കുന്നിൻ മുകളിൽ ദൈവസ്നേഹത്തിന്റെ സമ്പൂർണ്ണ പ്രതിഫലനവും പേറി നിൽക്കുന്ന ആ മരക്കുരിശ്... തനിക്ക് മുന്നിൽ ഒരു വെല്ലുവിളിയായി ഉയരുന്നത് ജെയിംസ് കണ്ടു.

ആരുണ്ട് ഈ ദൈവസ്നേഹത്തെ സ്വീകരിക്കുവാൻ...? പ്രസംഗകന്റെ ശബ്ദം മൈക്കിൽ കൂടി മുഴങ്ങി.

കഴിഞ്ഞകാലങ്ങളിൽ ജീവിതത്തിൽ വന്ന തെറ്റുകളുടെ ബീഭത്സരൂപങ്ങൾ മനസ്സിൽ ഉറഞ്ഞാടിക്കൊണ്ട് ജെയിംസിനോട് പറഞ്ഞു... ഇല്ല, നിനക്കതിനർഹതയില്ല.... ജയിംസിന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകി. പശ്ചാത്താപത്തിന്റെ നിലവിളി അവന്റെ മനസ്സിൽ നിന്ന് ഉയർന്നു. കാൽവറിക്രൂശിൽ നിന്നൊഴുകുന്ന ദൈവസ്നേഹത്തിന്റെ മാസ്മരപ്രഭയിൽ തന്റെ പാപങ്ങളെല്ലാം അലിഞ്ഞലിഞ്ഞില്ലാതാകുന്നത്

അവൻ അറിഞ്ഞു.

ആരുണ്ട് ഈ ദൈവസ്നേഹത്തെ സ്വീകരിക്കുവാൻ...? മൈക്കിലൂടെ പ്രസംഗകന്റെ ശബ്ദം വീണ്ടും മുഴങ്ങി.

നിറഞ്ഞ കണ്ണുകളുമായി ജെയിംസ് കസേരയിൽ നിന്ന് എഴുന്നേറ്റു. താനറിയാതെ തന്റെ രണ്ടു കരങ്ങളും ഉയർത്തി വിങ്ങിക്കരഞ്ഞുകൊണ്ട് അവൻ മൊഴിഞ്ഞു.... ഞാനിതാ കർത്താവേ... അങ്ങയുടെ സ്നേഹത്തിന്റെ വലിപ്പം ഞാൻ മനസ്സിലാക്കുന്നു. എന്നെ അവിടുത്തെ പുത്രനാക്കേണമേ... എന്റെ ജീവിതത്തെ ഞാൻ അങ്ങേയ്ക്കായി സമർപ്പിക്കുന്നു.

പുറത്തെ മഞ്ഞുപെയ്യുന്ന ഇരുളിൽ നിന്ന് ഒരു വെൺമേഘം ഓഡിറ്റോറിയത്തിനുള്ളിലൂടെ മെല്ലെ കടന്നുപോയി. നനുനനുത്ത ഒരു കുളിർ കാറ്റ് അതിന് അകമ്പടിയായി വന്നു. പാപമോചനത്തിന്റെ സാന്ത്വനസ്പർശമായി... കടുംചുവപ്പ് ആയിരുന്നതെല്ലാം ഇതാ ഹിമം പോലെ വെണ്മയായി മാറുന്നു... രക്തംബരത്തിന്റെ ചുവപ്പ് നീങ്ങി, അത് പഞ്ഞി പോലെ മൃദുവും ശുഭ്രവും ആയിരിക്കുന്നു...

ജെയിംസിന്റെ മനസ്സിലേക്ക് വേനലിൽ പെയ്തിറങ്ങുന്ന മാരി പോലെ സ്വർഗീയ സമാധാനത്തിന്റെ അഭൗമിക ധാരകൾ പെയ്തിറങ്ങി.... മനസ്സിനും ശരീരത്തിനും ഏറെ ഭാരം കുറഞ്ഞതുപോലെ...


എഴുന്നേറ്റുനിന്ന് മറ്റ് യുവാക്കളുടെ കൂടെ ജയിംസ് മുന്നോട്ട് നടന്നു സ്റ്റേജിനു മുന്നിൽ ചെന്ന് നിന്നു... സമർപ്പണത്തിന്റെ വാക്കുകൾ ഏറ്റുപറഞ്ഞു... ദൈവപുത്രനായ യേശുവിനെ ഞാൻ എന്റെ ജീവിതത്തിന്റെ നാഥനും രക്ഷകനും ആയി സ്വീകരിക്കുന്നു. അവിടുന്ന് എന്റെ പാപങ്ങൾക്കുവേണ്ടി കാൽവറി ക്രൂശിൽ മരിച്ചു എന്നും, പിതാവിന്റെ ശക്തിയാൽ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു എന്നും, പിതാവിന്റെ സന്നിധിയിൽ എനിക്കുവേണ്ടി ഇപ്പോൾ പക്ഷവാദം ചെയ്യുന്നു എന്നും ഞാൻ വിശ്വസിക്കുന്നു. ഇനി ദൈവവചനം പറയുന്നതനുസരിച്ച് ജീവിക്കുവാൻ ഞാൻ തീരുമാനിക്കുന്നു. ●

# ജീവന്റെ ലക്ഷണം

*നാം മരണംവിട്ടു ജീവനിൽ കടന്നിരിക്കുന്നു എന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ അറിയാം (1 യോഹന്നാൻ 3:14).*

മരണത്തിൽനിന്നൊരു മടങ്ങിവരവ്, എന്തൊരു വിസ്മയകരമായ അനുഭവമാണ്. അത്തരം പല സംഭവങ്ങൾ തിരുവചനത്തിലുണ്ടല്ലോ. എന്നാൽ അതിൽനിന്നെല്ലാം വ്യത്യസ്തമായാണ് യേശു ഉയിർത്തെഴുന്നേറ്റത്. ശേഷമുള്ളവരെല്ലാം ഉയിർത്തത് വീണ്ടും മരിക്കുന്ന ശരീരത്തിലായിരുന്നു, എന്നാൽ യേശു ഉയിർത്തെഴുന്നേറ്റത് മരണത്തെ ജയിച്ച്, അമർത്യതയിലേക്കായിരുന്നു. അത്തരമൊരു ഉയിർത്തെഴുന്നേല്പ് നമ്മെയും കാത്തിരിക്കുന്നു. എന്നാൽ സാരാംശത്തിൽ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്ന നാം ഇപ്പോൾത്തന്നെ മരണം വിട്ട് ജീവനിൽ കടന്നിരിക്കന്നു. ശാരീരികാവസ്ഥയിൽ മരണത്തിനധീനമായ ശരീരത്തിൽത്തന്നെയാണിപ്പോഴുമെങ്കിലും നമ്മുടെ ആത്മാവ് ജീവനിൽ കടന്നിരിക്കുന്നു എന്നത് ആത്മാവിൽ നാം തിരിച്ചറിയുന്നു. എന്നാൽ യഥാർഥമായും യേശുക്രിസ്തുവിന്റെ ജീവനിലാണോ നാം ചരിക്കുന്നത് എന്നറിയാൻ ഒരു ടെസ്റ്റ് ഈ വേദഭാഗത്ത് അപ്പൊസ്തലൻ ശുപാർശ ചെയ്യുന്നു. നമ്മുടെ ജീവിതശൈലിയിൽ വന്നിരിക്കുന്ന മാറ്റമാണതിന്റെ സൂചിക. യേശുക്രിസ്തുവിന്റെ സ്നേഹത്താൽ നിർബന്ധിക്കപ്പെട്ടും ആ സ്നേഹം പ്രകടിപ്പിച്ചുമായിരിക്കും നമ്മുടെ പുതുജീവിതം. യേശുവിന്റെ മുൻഗണന ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറപ്പെട്ടവർ, സമൂഹം അംഗീകരിക്കാത്തവർ, വേദനപ്പെടുന്നവർ, ശാരീരികമായും ആന്തരികമായും മുറിവേറ്റവർ തുടങ്ങിവരായിരുന്നു. മുറിവേറ്റ് അർധപ്രാണരായിക്കിടക്കുന്നവർക്കു സ്നേഹിതനും അയല്ക്കാരനുമാകാൻ യേശു ദൃഷ്ടാന്തത്തോടെ ഉപദേശിക്കയും ചെയ്തു. മൃത്യു മേയിക്കുന്ന പാതാളത്തിന്റെ ആടുകൾ, ജീവനിൽ കടന്നിരിക്കുന്ന നമുക്കൊരു നൊമ്പരമാകണം. അതോടൊപ്പം ഭൗതികവിഷയത്തിൽ മുട്ടുള്ളവരോടു സഹതാപം കാണിക്കുന്നതും വസ്തുവകകൾകൊണ്ട് അവരെ സഹായിക്കുന്നതും ജീവനിൽ കടന്നതിന്റെ ലക്ഷണമായി ഈ വേദഭാഗം വിശദീകരിക്കുന്നു. ●

## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ



ജോയ് എം. തോമസ്

# കനാന്യ സ്ത്രീയുടെ മഹത്തായ വിശ്വാസം

യേശു അവിടം വിട്ടു സോർ, സീദോൻ എന്ന പ്രദേശങ്ങളിലേക്കു വാങ്ങിപ്പോയി. ആ ദേശത്തുനിന്ന് ഒരു കനാന്യസ്ത്രീ വന്ന്, അവനോട്: കർത്താവേ, ദാവീദുപുത്രാ, എന്നോടു കരുണ തോന്നേണമേ; എന്റെ മകൾക്കു ഭൂതോപദ്രവം കഠിനമായിരിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു. അവൻ അവളോട് ഒരു വാക്കും ഉത്തരം പറഞ്ഞില്ല; അവന്റെ ശിഷ്യന്മാർ അടുക്കെ വന്നു: അവൾ നമ്മുടെ പിന്നാലെ നിലവിളിച്ചുകൊണ്ടു വരുന്നു; അവളെ പറഞ്ഞയയ്ക്കേണമേ എന്ന് അവനോട് അപേക്ഷിച്ചു. അതിന് അവൻ: യിസ്രായേൽഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല എന്ന് ഉത്തരം പറഞ്ഞു. എന്നാൽ അവൾ വന്നു: കർത്താവേ, എന്നെ സഹായിക്കേണമേ എന്നു പറഞ്ഞ് അവനെ നമസ്കരിച്ചു. അവനോ: മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നതു നന്നല്ല എന്ന് ഉത്തരം പറഞ്ഞു. അതിന് അവൾ: അതേ, കർത്താവേ, നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ എന്നു പറഞ്ഞു. യേശു അവളോട്: സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്; നിന്റെ ഇഷ്ടംപോലെ നിനക്കു ഭവിക്കട്ടെ എന്ന് ഉത്തരം പറഞ്ഞു. ആ നാഴികമുതൽ അവളുടെ മകൾക്കു സൗഖ്യം വന്നു. യേശു അവിടെനിന്നു യാത്രയായി ഗലീലക്കടലരികെ ചെന്നു മലയിൽ കയറി അവിടെ ഇരുന്നു. വളരെ പുരുഷാരം മുടന്തർ, കുരുടർ, ഊമർ, കൂനർ മുതലായ പലരെയും അവന്റെ അടുക്കൽ കൊണ്ടുവന്ന് അവന്റെ കാല്ക്കൽ വച്ചു; അവൻ അവരെ സൗഖ്യമാക്കി; ഊമർ സംസാരിക്കുന്നതും കൂനർ സൗഖ്യമാകുന്നതും മുടന്തർ നടക്കുന്നതും കുരുടർ കാണുന്നതും പുരുഷാരം കണ്ടിട്ട് ആശ്ചര്യപ്പെട്ടു, യിസ്രായേലിന്റെ ദൈവത്തെ മഹത്ത്വപ്പെടുത്തി (മത്തായി 15: 21 - 31).

സോർ സീദോൻ എന്നിവ ഉത്തരഗലീലയിലെ തീരപ്രദേശത്തെ രണ്ട് പട്ടണങ്ങളാണ്. ആ പ്രദേശത്തു നിന്നും യേശുവിന്റെ അടുക്കൽ കരുണയ്ക്കായി അപേക്ഷിച്ചുകൊണ്ടുവരുന്ന ഒരു അന്യജാതിക്കാരിയായ സ്ത്രീയുടെ വിശ്വാസത്തെക്കുറിച്ചാണ് നമ്മുടെ വേദഭാഗത്ത് നാം കാണുന്നത്.

ഈ സ്ത്രീയുടെ മകളെ ഭൂതം ബാധിക്കുകയും അശുദ്ധാത്മാവ് പെൺകുട്ടിയെ ദണ്ഡിപ്പിക്കുകയും (Tormented) ചെയ്തുകൊണ്ടിരുന്നു. ഈ സാഹചര്യമാണ് സ്ത്രീയെ യേശുവിന്റെ അടുക്കൽ വരുവാൻ പ്രേരിപ്പിച്ചത്. ജീവിതത്തിലുണ്ടാകുന്ന വിഷമിപ്പിക്കുന്ന ചില പ്രതിസന്ധികളാണ് ഭൂരിഭാഗം ആളുകൾക്കും വഴിത്തിരിവായി പരിണമിക്കുന്നത്. ദൈവത്തിങ്കലേക്ക് പൂർണ്ണ

**ജീവിതത്തിലുണ്ടാകുന്ന വിഷമിപ്പിക്കുന്ന ചില പ്രതിസന്ധികളാണ് ഭൂരിഭാഗം ആളുകൾക്കും വഴിത്തിരിവായി പരിണമിക്കുന്നത്.**

മായും തിരിയുന്നവർ ലജ്ജിച്ചു പോവുകയില്ല എന്നത് കനാന്യസ്ത്രീയുടെ അനുഭവം നൽകുന്ന പാഠമാണ്.

കനാന്യസ്ത്രീ യേശുവിന്റെ അടുക്കൽ വരുന്നത് യേശു യഥാർത്ഥത്തിൽ ആരാണ് എന്ന് മനസ്സിലാക്കിക്കൊണ്ടായിരുന്നു. യേശുവിന്റെ അടുക്കൽ വന്ന ചുരുക്കം ചിലരാണ് യേശുവിനെ തിരിച്ചറിഞ്ഞു വന്നത്. അധികം ആളുകളും അത്ഭുതം കണ്ടും കേട്ടും മാത്രം വന്നവരാണ്. രോഗസൗഖ്യം അല്ലെങ്കിൽ ഒരത്ഭുതം എന്നതിലുപരി മറ്റൊന്നും അവർ ആഗ്രഹിച്ചിട്ടും ഇല്ല. അത്ഭുതങ്ങളുടെ ഓളത്തിൽ ഒഴുകി നടക്കുമ്പോൾ ഒരു ആനന്ദം മാത്രമാണ് അവർ അനുഭവിക്കുവാൻ ആഗ്രഹിച്ചത്. ഇന്നും അനേകരും അത്തരക്കാരെന്നതാണ് വാസ്തവം.

വ്യത്യസ്തയായ ഒരു വ്യക്തിയായിരുന്നു കനാന്യാസ്ത്രീ. അവൾ യേശുവിനെ അഭിസംബോധന ചെയ്തത് 'കർത്താവേ ദാവീദ് പുത്രാ' എന്നായിരുന്നു. ദാവീദ് പുത്രൻ എന്നത് യഹൂദനു വാഗ്ദത്തം ചെയ്തിട്ടുള്ള മശിഹായ്ക്ക് നൽകിയിരിക്കുന്ന വിശേഷണം ആണ്. തങ്ങളുടെ മശിഹായെ യഹൂദൻ തിരിച്ചറിയാതെ ഇരിക്കുമ്പോഴാണ് ഒരു അന്യജാതിക്കാരി സ്ത്രീ യേശുവിനെ തിരിച്ചറിയുന്നത്. എത്ര വിചിത്രമായിരിക്കുന്നു ഇത്! ഇന്നും ക്രിസ്തീയ കുടുംബങ്ങളിൽ ജനിച്ചു വളർത്തപ്പെട്ട അനേകർ യേശുവിനെ തിരിച്ചറിയാൻ കഴിയാതെ പോകുമ്പോൾ മറ്റ് മത പശ്ചാത്തലത്തിൽ ഉള്ളവർ യേശുവിനെ തങ്ങളുടെ രക്ഷകനും കർത്താവുമായി സ്വീകരിച്ച്, പ്രതികൂലങ്ങളുടെ നടുവിലും ക്രിസ്തുവിലുള്ള വിശ്വാസത്തിൽ അടിയുറച്ചവരായി മുന്നേറുന്നു.

കർത്താവിനോട് അവൾ കരുണയ്ക്കായി അപേക്ഷിച്ചു. തന്റെ കരുണയിൽ ആശ്രയിക്കുന്നവരിൽ ദൈവം പ്രസാദിക്കുന്നു എന്ന് ബൈബിൾ സ്പഷ്ടമായി പറയുന്നു. ദൈവം കാരുണ്യവാനാണ്, ആര് തന്റെ കരുണയ്ക്കായി അപേക്ഷിച്ചാലും കർത്താവ് അവരോട് കരുണ കാണിക്കും. കരുണയ്ക്കായി അപേക്ഷിക്കുന്നത് നിസ്സഹായത തുറന്നു സമ്മതിച്ചുകൊണ്ടാണ്. അത് ദൈവമുമ്പാകെ സ്വയം താഴ്ത്തുന്ന അനുഭവമാണ്. അഹങ്കാരികളെ അഥവാ സ്വയം താഴ്ത്തിക്കൊണ്ട് ദൈവത്തിന്റെ കരുണ തേടാത്തവരെ സഹായിക്കുവാൻ ദൈവത്തിന് എങ്ങനെ കഴിയും? സ്വയം താഴ്ത്തുവാൻ കഴിയാത്ത മാനസിക അവസ്ഥയിൽ ഒരു വ്യക്തി എത്തിയാൽ നാശം മാത്രമേ മുൻപിലുള്ളൂ. അങ്ങനെ

**കനാന്യസ്ത്രീയിൽ രൂപം കൊണ്ട യേശുവിലുള്ള വിശ്വാസം അചഞ്ചലമായിരുന്നു. കർത്താവ് അവളെ അവഗണിക്കുന്നു എന്ന തോന്നലിൽ അവളുടെ ദൈവാശ്രയത്തിൽ നിന്ന് പിന്നോട്ട് പോയില്ല. പ്രത്യുത, കർത്താവിന്റെ മറുപടിക്കായി മടുക്കാതെ വിളിച്ചപേക്ഷിക്കുകയാണ് അവൾ ചെയ്തത്. യേശുവിന്റെ മൗനം ശിഷ്യന്മാരെ അത്ഭുതപ്പെടുത്തിക്കാണും.**

ആർക്കും സംഭവിക്കരുത്.

കരുണയ്ക്കായി യാചിക്കുന്ന കനാന്യസ്ത്രീയെ കാരുണ്യവാനായ കർത്താവ് എന്തുകൊണ്ട് അവഗണിച്ചു എന്ന ഒരു ചോദ്യം ന്യായമായും നമുക്കുണ്ടാവും. എന്നാൽ ആ സംഭവം മുഴുവൻ നാം വായിക്കുമ്പോൾ വാസ്തവത്തിൽ കർത്താവ് അവളെ അവഗണിക്കുക ആയിരുന്നില്ല: പ്രത്യുത സ്ത്രീയുടെ വിശ്വാസം വെളിപ്പെടുത്തുവാൻ അവസരം നൽകുക ആയിരുന്നു എന്ന് മനസ്സിലാക്കുവാൻ കഴിയും.

കനാന്യസ്ത്രീയിൽ രൂപം കൊണ്ട യേശുവിലുള്ള വിശ്വാസം അചഞ്ചലമായിരുന്നു. കർത്താവ് അവളെ അവഗണിക്കുന്നു എന്ന തോന്നലിൽ അവളുടെ ദൈവാശ്രയത്തിൽ നിന്ന് പിന്നോട്ട് പോയില്ല. പ്രത്യുത, കർത്താവിന്റെ മറുപടിക്കായി മടുക്കാതെ വിളിച്ചപേക്ഷിക്കുകയാണ് അവൾ ചെയ്തത്. യേശുവിന്റെ മൗനം ശിഷ്യന്മാരെ അത്ഭുതപ്പെടുത്തിക്കാണും. അവൾ നമ്മുടെ പിന്നാലെ നിലവിളിച്ചുകൊണ്ടുവരുന്നു, അവളെ പറഞ്ഞയക്കേണമേ എന്ന് അവനോട് അപേക്ഷിച്ചുവെന്ന് മത്തായി രേഖപ്പെടുത്തുന്നു.

ശിഷ്യന്മാർക്ക് കർത്താവ് കൊടുത്ത മറുപടി ഒരു യാഥാർത്ഥ്യമായിരുന്നു. 'യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല' കർത്താവ് വന്നത് തന്റെ സ്വന്തജനമായ യിസ്രായേലിലേക്കായിരുന്നു. കർത്താവിന്റെ പരസ്യശുശ്രൂഷ അവരുടെ ഇടയിൽ ആയിരുന്നു. പിതാവായ ദൈവ

ത്തിന്റെ തിരുഹിത പ്രകാരം അല്ലാതെ കർത്താവ് ഒരിക്കലും ഒന്നും പ്രവർത്തിച്ചിട്ടില്ല. ഇവിടെയും പിതാവിന്റെ ഹിതപ്രകാരം പ്രവർത്തിക്കുന്ന പുത്രനെയാണ് നാം കാണുന്നത്.

കർത്താവിന്റെ മുമ്പിൽ നമസ്കരിച്ചു കൊണ്ട് 'കർത്താവേ എന്നെ സഹായിക്കണം എന്നു കണ്ണുനീരോടെ അപേക്ഷിക്കുന്ന കനാന്യസ്ത്രീയെയാണ് നാം ഇപ്പോൾ കാണുന്നത്. കർത്താവിന്റെ മുമ്പിൽ പൂർണ്ണമായും വിനയപ്പെടുകയും സമർപ്പിക്കുകയാണ് അവൾ ചെയ്തത്. കർത്താവിൽ പൂർണ്ണ ആശ്രയമുള്ള അവൾക്ക് ചെയ്യുവാൻ കഴിയുന്ന ഏകകാര്യം അതായിരുന്നു. അതുതന്നെ ആയിരുന്നു അവൾ ചെയ്യേണ്ടതും. യേശു ആരാണെന്ന് ബോധ്യം ലഭിച്ചവർക്ക്, അവിടുത്തെ സർവ്വശക്തിയിൽ മാത്രമല്ല തന്റെ ദിവ്യസ്വഭാവത്തെക്കുറിച്ചും നിശ്ചയം ഉണ്ടായിരിക്കും. കരുണയിൽ സമ്പന്നനാണ് ദൈവം. തന്റെ അടുക്കൽ വരുന്നവനെ അവിടുന്ന് ഒരുനാളും ഉപേക്ഷിക്കുന്നില്ല.

യേശുവിന്റെ മറുപടി നിരാശപ്പെടുത്തുന്നതായിരുന്നു എന്നു തോന്നും. എന്നാൽ അവളുടെ വിശ്വാസത്തെ വെളിപ്പെടുത്തുന്നതിന് അത് സഹായകമായി. മക്കളുടെ അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല എന്ന് യേശു പറഞ്ഞപ്പോൾ അവളുടെ മറുപടി പെട്ടെന്നായിരുന്നു. 'അതേ കർത്താവേ, നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്ന് വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ'. 'അതേ' എന്ന് പറയുമ്പോൾ കർത്താവ് പറഞ്ഞതിനോട് അവൾ പൂർണമായും യോജിക്കുകയായിരുന്നു. വിശ്വാസത്തോടെ കർത്താവിന്റെ അടുക്കൽ വരുന്നവർക്ക് കർത്താവ് പറയുന്നത് ഗ്രഹിക്കുവാൻ കഴിയും. മറ്റുള്ളവർക്ക് അത് കഠിനവാക്കായി തോന്നും.

'നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്ന് വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ' എന്നത്

**കരുണാസമ്പന്നനായ ദൈവം തന്റെ അടുക്കൽ വരുന്നവനെ ഒരുനാളും ഉപേക്ഷിക്കുന്നില്ല.**

അവളുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലായിരുന്നു. മക്കൾക്കും നായ്ക്കുട്ടികൾക്കും ഉടയവൻ ഒരുവൻ തന്നെയാണ്. ഇവിടെ പറയുന്ന നായ്ക്കുട്ടികൾ തെരുവുനായ്ക്കളല്ല. പ്രത്യുത, ഉടയവൻ ഓമനിച്ചു വളർത്തുന്ന നായ്ക്കുട്ടികളാണ്. യഹൂദൻ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമാണ്. ജനനം കൊണ്ട് ഈ സ്ത്രീ ഒരു യഹൂദവംശജയല്ല. എങ്കിലും ജാതികളുടെ സ്രഷ്ടാവും ഉടയവനും ദൈവം തന്നെയാണ്. അതുകൊണ്ട് തനിക്കും ആശ്രയിക്കുവാനുള്ള ഏകകർത്താവ് അങ്ങ് തന്നെ എന്നാണ് അവൾ യേശുകർത്താവിനോട് ഏറ്റുപറഞ്ഞത്.

അവളുടെ വിശ്വാസത്തെ കർത്താവ് വലിയ വിശ്വാസം എന്നാണ് വിശേഷിപ്പിച്ചത്. യിസ്രായേൽ ജനത്തോട് സംബന്ധമില്ലാത്ത ഒരു വിജാതീയ സ്ത്രീ ദൈവത്തിൽ ഉറപ്പിച്ച ആശ്രയം. ഈ സ്ത്രീയുടെ വിശ്വാസം നമുക്ക് ഒരു വെല്ലുവിളിയാണ്, അവളുടെ വിശ്വാസം എത്ര ദൃഢവും വലിയതുമാണ് എന്നു നമുക്കായി വെളിപ്പെടുത്തുകയാണ് കർത്താവ് ചെയ്തത്. നാം ഓരോരുത്തരും കർത്താവിൽ ദൃഢവിശ്വാസമുള്ളവരായിരിക്കണം എന്നു കർത്താവ് ആഗ്രഹിക്കുന്നു. നമ്മുടെ സ്രഷ്ടാവും ഉടയവനുമായ ദൈവത്തെക്കുറിച്ചും അതിലുപരി നമ്മെ ജീവൻ നൽകി വീണ്ടെടുത്ത കർത്താവിന്റെ അതിരുകളില്ലാത്ത സ്നേഹത്തെക്കുറിച്ചും നാം ബോധ്യമുള്ളവരായിരിക്കണം. ●

10 വിശ്വാസത്താലുള്ള നീതി എന്താണ്?

ധിപ്പിച്ചു. എന്തായിരുന്നു ആ കാഴ്ച? അവർ തള്ളിക്കളഞ്ഞിരുന്ന ജാതികൾ അബ്രഹാമിന്റെ മടിയിൽ ഇരിക്കുന്ന കാഴ്ച അവരെ പരവേശപെടുത്തുന്നതായിരുന്നു. അത് അവരിൽ അസൂയ ഉണ്ടാക്കിയിട്ട് ഈ സുവിശേഷം സ്വീകരിക്കുവാൻ അവരെ പ്രേരിപ്പിച്ചേക്കും എന്ന് പൗലോസ് പ്രതീക്ഷിക്കുന്നു! നിങ്ങൾ. കണ്ടിട്ടില്ലേ, ഇളയ മകനെ അമ്മ എടുക്കുമ്പോൾ മൂത്തമകനും ഓടി മടിയിൽ കയറുന്നത്? അതുപോലെ രണ്ടാമത്തെ മകനെ ദൈവം തന്നോട് ചേർത്ത് പാപങ്ങൾ പൊറുത്ത് അവരെ ശുദ്ധീകരിക്കുമ്പോൾ, ഈ ഒന്നാമത്തെ മകനായ യിസ്രായേൽ ഓടി കർത്താവിന്റെ അടുത്തേക്കു ചെല്ലും എന്നാണ് പൗലോസ് പ്രതീക്ഷിക്കുന്നത്. ●

# പേടിസ്വപ്നമാകുന്ന തെരുവുനായ്ക്കൾ

**തെ**രുവുനായ്ക്കളുടെ ഉപദ്രവം ഹേതുവായി കേരളത്തിൽ അങ്ങോളമിങ്ങോളം ആബാലവൃദ്ധം ജനങ്ങളും നാനാതരത്തിൽ കഷ്ടപ്പെടുന്നത്, ഭീദിതവും അത്യാവശ്യ പരിഹാരത്തിന് അധികാരികൾ ശ്രദ്ധിക്കേണ്ടതുമായ ഗുരുതര പ്രശ്നമാണെന്ന് എല്ലാ വാർത്താമാധ്യമങ്ങളും ദിനേന റിപ്പോർട്ട് ചെയ്തു കൊണ്ടിരിക്കുന്നു. മനുഷ്യജീവനേക്കാൾ പ്രാധാന്യം മൃഗങ്ങൾക്കു നൽകുന്ന മൃഗ സ്നേഹികളുടെ വിട്ടുവീഴ്ച്ചയില്ലാത്ത നിലപാടിന് പിന്നിൽ ദുരൂഹതയില്ലേയെന്നു സാധാരണ മനുഷ്യൻ സംശയിച്ചാൽ കുറ്റപ്പെടുത്തുവാനാകില്ലല്ലോ.

മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്ന ഒരു ജന്തുജന്യരോഗമാണ് പേവിഷബാധ അഥവാ റാബീസ് (**Rabies**). റാബീസ് എന്ന ലാറ്റിൻ പദത്തിന്റെ അർത്ഥം 'ഭ്രാന്ത് എന്നാണ്. പേവിഷബാധ ഉണ്ടാക്കുന്നത് ഒരു ആർ.എൻ.എ വൈറസ്സാണ്. ലിസ വൈറസ്സ് എന്നും ഇതിന് പേരുണ്ട്. ഉഷ്ണരക്ത മുള്ള എല്ലാ ജീവജാലങ്ങളേയും പേവിഷം ബാധിക്കും. വൈറസ് ബാധ തലച്ചോറിന്റെ ആവരണത്തി നു വീക്കമുണ്ടാക്കി മരണം സംഭവിക്കുന്ന എൻസെഫാലൈറ്റിസ് (**Encephalitis**) എന്ന രോഗാവസ്ഥ ഉണ്ടാക്കുന്നു. പട്ടികളിലും പൂച്ചകളിലും ഈ രോഗം കൂടുതലായി കണ്ടുവരുന്നു. പന്നി, കഴുത, കുതിര, കുറുക്കൻ, ചെന്നായ, കുരങ്ങൻ, അണ്ണാൻ എന്നി മൃഗങ്ങളേയും ഇത് ബാധിക്കാറുണ്ട്. വീട്ടുമൃ ഗങ്ങളേയും വന്യമൃഗങ്ങളേയും ഒരേപോലെ രോഗം ബാധിക്കാം.

കടിക്കുമ്പോൾ ഉമിനീരിലൂടെ മനുഷ്യശരീരത്തിൽ പ്രവേശിക്കുന്ന റാബീസ്വൈറസ് നാഡികൾ വഴി തലച്ചോറിലെത്തുന്നു. ഇടയ്ക്കിടെ കാൽപാദങ്ങൾ നക്കിത്തുടച്ചു വൃത്തിയാക്കുന്ന ശീലമുള്ള മൃ ഗങ്ങൾ മാന്തിയാലും ഉമിനീരിലുള്ള വൈറസ് മനുഷ്യശരീരത്തിൽ പ്രവേശിക്കാം. തുടർന്ന് തലച്ചോറിൽ ഉണ്ടാക്കുന്ന എൻസെഫലൈറ്റിസ് അഥവാ മസ്തിഷ്കവീക്കം പലവിധ ലക്ഷണങ്ങൾ ഉണ്ടാക്കുന്നു. പ ലപ്പോഴും തുടക്കം തലവേദനയോടു കൂടിയ ഒരു പനിയിൽ നിന്നാണ്. ചിലർക്ക് കടിയേറ്റ ഭാഗത്ത് ത രിപ്പോ ചൊറിച്ചിലോ അനുഭവപ്പെടാം. എന്നാൽ വിരലിലെണ്ണാവുന്ന ദിവസങ്ങൾക്കുള്ളിൽ തന്നെ, പെരു മാറ്റത്തിലുള്ള വ്യത്യാസങ്ങൾ, ഉറക്കമില്ലായ്മ, വിഭ്രാന്തി എന്നിവ പ്രകടിപ്പിക്കുന്നു. വെള്ളം ഇറക്കാനു ള്ള ബുദ്ധിമുട്ട്, പലപ്പോഴും വെള്ളം കാണുമ്പോഴുള്ള പേടി (hydrophobia) ആയാണ് രോഗി പ്രകടി പ്പിക്കുക. അന്ത്യം പലപ്പോഴും ദാരുണമാണ്. ചെറിയ വെളിച്ചമോ ഇളം കാറ്റോ പോലും കടുത്ത ബു ദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന, ഇടയ്ക്കിടെ അപസ്മാരമുണ്ടാക്കുന്ന, ബോധത്തിനും അബോധാവസ്ഥയ്ക്കു മിടയിൽ മുങ്ങിനിവരുന്ന ദാരുണമായ അവസ്ഥ. പേവിഷബാധയുണ്ടായാൽ മരണം ഉറപ്പാണ്.

ഓമനകളായി മൃഗങ്ങളെ വളർത്തുന്നവർ മുതൽ ഉപജീവനമാർഗ്ഗമായി മൃഗപരിപാലനത്തെ ആശ്ര യിക്കുന്ന കർഷകർ വരെ പതിറ്റാണ്ടുകളായി നേരിടുന്ന ഒരു പേടിസ്വപ്നമാണ് പേവിഷബാധ. രോഗല ക്ഷണങ്ങൾ പ്രകടമാകുന്ന പക്ഷം അതിഭയാനകമായ മരണത്തിന് കീഴടങ്ങുകയല്ലാതെ മറ്റൊരു മാർ ഗ്ഗവും നമുക്ക് മുൻപിലില്ലായെങ്കിലും പ്രസ്തുത രോഗത്തിനെതിരെ കൃത്യമായ പ്രതിരോധ സംവിധാ നങ്ങൾ നിലവിലുണ്ട് എന്ന യാഥാർഥ്യത്തെ കുറിച്ച് ഇന്നും പലരും അജ്ഞരാണ്.

പലപ്പോഴും പേവിഷബാധയെന്ന ഭീകരരോഗം മനുഷ്യനിലേക്കു എത്താനുള്ള കണ്ണികളായി പ്രവർ ത്തിക്കുന്നത് വളർത്തുമൃഗങ്ങളാണ്. പ്രത്യേകിച്ചും നായ്ക്കൾ. ഇന്ത്യയിൽ മനുഷ്യരിലേക്ക് രോഗം പ കരാനിടയാക്കുന്നത് 90 ശതമാനവും രോഗം ബാധിച്ച നായ്ക്കളുടെ കടിയേറ്റിട്ടാണെന്നാണ് കണ്ടെത്തി യിട്ടുള്ളത്. അതിനാൽത്തന്നെ നമ്മുടെ ഓമനമൃഗങ്ങൾക്ക് സമയാനുബന്ധമായി പ്രതിരോധ കുത്തിവെപ്പു കൾ നൽകുകയും ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുകയും വേണം. സാധാരണയായി വ ളർത്തു നായ്ക്കൾക്കും, പൂച്ചകൾക്കും 10 മുതൽ 12 ആഴ്ച പ്രായമെത്തുമ്പോഴാണ് പേവിഷബാധയ് ക്കെതിരെയുള്ള ആദ്യ പ്രതിരോധ കുത്തിവെയ്പ് നൽകേണ്ടത്. പിന്നീട് 4 ആഴ്ചകൾക്ക് ശേഷവും തുടർന്ന് വർഷാവർഷവും ബൂസ്റ്റർ കുത്തിവയ്പുകൾ എടുക്കേണ്ടതാണ്. ഇതിനുള്ള സൗകര്യം സം സ്ഥാനത്തെ എല്ലാ മൃഗാശുപത്രികളിലും ഇന്ന് ലഭ്യമാണ്. വളർത്തുമൃഗങ്ങൾക്ക് പ്രതിരോധ കുത്തിവ യ്പ്പെടുത്തുവെങ്കിലും അവയെ നായോ, മറ്റു മൃഗങ്ങളോ കടിച്ചാൽ നിർബന്ധമായും ചികിത്സാ കുത്തി വയ്പ്പുകളെടുക്കേണ്ടതാണ്. ●

# ധന്യമായ വിവാഹ ജീവിതം!

തകരുന്ന കുടുംബങ്ങളുടെ കഥകളും അതുവഴി ഉണ്ടാകുന്ന വിവാഹമോചന കേസുകളും നമ്മുടെ സംസ്ഥാനത്തും പെരുകി വരുന്നതിനിടയിലാണ് കേരളത്തിന്റെ പുതുതലമുറ വിവാഹ ജീവിതത്തിന്റെ അടിസ്ഥാനം തന്നെ നിരാകരിക്കുന്ന സ്ഥിതിവിശേഷത്തിലേക്ക് നീങ്ങുന്നത്. കെട്ടുപാടുകളില്ലാതെ ജീവിതം ആസ്വദിക്കുന്നതിന് തടസ്സമാകുന്ന ദുരാചാരമായാണ് പലരും വിവാഹത്തെ കാണുന്നത്. 'ലിവിങ് ടുഗതർ' 'കോഹാബിറ്റേഷൻ' സംസ്കാരമാണ് പുതുതലമുറയ്ക്ക് പ്രിയം. സ്വവർഗ വിവാഹത്തെ സ്വാഗതം ചെയ്യുന്ന വലിയ ഒരു സമൂഹം ലോകത്താകമാനം ഉണ്ടെന്നുള്ള വസ്തുതയും നമുക്ക് മറക്കുവാൻ കഴിയുകയില്ല!

ഇവയെല്ലാം മനുഷ്യനന്മയ്ക്ക് വേണ്ടിയും മാനവസമൂഹത്തിന്റെ വംശവർദ്ധനവിന് വേണ്ടിയും സ്രഷ്ടാവാം ദൈവം രൂപം കൊടുത്ത കുടുംബജീവിത സങ്കൽപ്പത്തിന് തന്നെ തുരങ്കം വയ്ക്കുന്ന സാത്താന്യ അജണ്ടകൾ ആണെന്നുള്ള തിരിച്ചറിവാണ് ഇന്ന് ഏവർക്കും ആവശ്യമായിട്ടുള്ളത്. വിവാഹത്തിന് വെളിയിലുള്ള ലൈംഗിക ബന്ധത്തെ ദൈവം എത്രമാത്രം വെറുക്കുന്നുവെന്ന് ബൈബിൾ ആദിയോടന്തം പഠിപ്പിക്കുമ്പോൾ, സാത്താന്റെ കെണിയിൽ വീഴുന്ന ദൈവവിശ്വാസികളും ഏറെയാണെന്ന് ഓർക്കുന്നു. നെഗറ്റിവ് ചിന്തകളുടെയും, നൂതനപ്രവണതകളുടെയും പിന്നാലെ പോകാനുള്ള മനുഷ്യസഹജമായ ആകർഷണമാണ് സാത്താനും അവന്റെ ഏജന്റുമാരും ദുരുപയോഗം ചെയ്യുന്നത്.

സാത്താന്റെ ഈ പദ്ധതികളെ തിരിച്ചറിഞ്ഞ് വിവാഹജീവിതത്തിന്റെ ആവശ്യകത മനുഷ്യമനസ്സിലേക്ക് എത്തിക്കാനുള്ള പരിശ്രമമാണ് ദൈവമക്കളിൽ നിന്നും ദൈവശാസ്ത്രജ്ഞന്മാരിൽ നിന്നും ഇന്ന് ഉണ്ടാകേണ്ടത്. കുടുംബം അതെത്ര ധന്യം? എന്ന് സാക്ഷീകരിക്കുന്ന മുൻതലമുറ മാതൃകാപരമായി കുടുംബജീവിതം നയിച്ചവരായിരുന്നു. അവർ ദൈവത്തെ ഭയപ്പെട്ട് ഭക്തിയോടെ ജീവിച്ച സാധാരണ മനുഷ്യരയിരുന്നു. അവർക്ക് ലൈംഗികതയുടെ ആകർഷണത്തിനപ്പുറമുള്ള വ്യക്തിത്വാകർഷണവും കരുതലും സ്നേഹവുമൊക്കെ ഉണ്ടായിരുന്നു. ദൈവകൃപയിൽ ജീവിച്ചവരായിരുന്നു അവർ. അങ്ങനെയുള്ള ഓരോരുത്തരും വിവാഹജീവിതത്തെ പരിപാവനമായി കരുതി. അവരുടെ കുടുംബജീവിതത്തെ തകർക്കുവാൻ ലോകം, ജഡം, പിശാച് എന്നീ ത്രിമൂർത്തികൾ എത്ര പരിശ്രമിച്ചിട്ടും പരാജയപ്പെട്ടിരുന്നു!

'Three to get married' എന്ന ചിന്തയാണ് ധന്യമായ കുടുംബ ജീവിതത്തിന്റെ രഹസ്യം. ദൈവം, ഭർത്താവ്, ഭാര്യ എന്നീ മൂന്ന് വ്യക്തിത്വങ്ങൾ അടങ്ങുന്ന കുടുംബം! മുപ്പിരിച്ചരടുകൾ പൊട്ടിക്കാൻ കഴിയാത്തപോലുള്ള ഇഴയടുപ്പം ഭാര്യാഭർതൃ ബന്ധത്തിൽ ഉണ്ടായാൽ അതാണ് കുടുംബത്തിന്റെ സന്തുഷ്ടിക്ക് കാരണം. പരസ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മാതാപിതാക്കളെ കണ്ടു വളരുന്ന ഇളം തലമുറയ്ക്ക് മാത്രമേ ഭാവിയിൽ സന്തുഷ്ട കുടുംബ ജീവിതം നയിക്കുനാകു.

അതെ, ശിഥിലമാകുന്ന കുടുംബങ്ങളെ അല്ല നാം ഫോക്കസ് ചെയ്യേണ്ടത്. മറിച്ച് ദൈവവചന സത്യങ്ങൾ മാർഗ്ഗരേഖയായി സ്വീകരിച്ച് ഫലം കായ്ച്ചു വളരുന്ന ക്രിസ്തീയ കുടുംബങ്ങളാണ് നമ്മുടെ വിവാഹവേദികളിലും സഭായോഗങ്ങളിലും ഹൈലൈറ്റ് ചെയ്യപ്പെടേണ്ടത്. ഇപ്രകാരം അർത്ഥവത്തായ വിവാഹജീവിതം നയിക്കുന്ന സാക്ഷികളുടെ ഒരു വലിയ സമൂഹം നമുക്ക് ചുറ്റുമുണ്ട്. ധന്യമായ കുടുംബങ്ങൾ സ്വർഗ്ഗത്തിന്റെ കൊച്ചുപതിപ്പുകളത്രെ. ലോകത്തിലെ ഏറ്റവും വലിയ പുണ്യസ്ഥലം ഇത്തരം ഭവനങ്ങൾ തന്നെ! ഉവ്വ്, സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ആരാധനാകേന്ദ്രങ്ങളുമാണ് ധന്യമായ കുടുംബങ്ങൾ!

–എംസി

*Bank Account Details:*

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

വാർഷിക
വരിസംഖ്യ
250 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ
പേരുവിവരം ഓഫീസിൽ
അറിയിക്കുമല്ലോ. മാസിക യഥോചിതം
അയക്കുവാനും കണക്കുകൾ
കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.10.2022

NERVEEDHI - OCTOBER 2022
Annual Subscription ₹ 250.00
(Per copy ₹ 25.00)


## ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ




കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678


Address for Communication :

**NERVEEDHI,**
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.